# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# മാറനല്ലൂർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.റ്റി.വി.എം/ജി.പി4/648/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 08/06/2022
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മാറനല്ലൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മാറനല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മാറനല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.റ്റി.വി.എം/ജി.പി4/648/2022 തീയ്യതി: 08/06/2022

## തിരുവനന്തപുരം ജില്ലയിലെ മാറനല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ മാറനല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 08-05-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 32 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 20 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ഡെപ്യൂട്ടി ഡയറക്ടർ | ശ്രീമതി.ശ്രീജ.കെ | 04-02-2022 | 11-02-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 04-02-2022 | 11-02-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.പ്രതാപ്കുമാർ.ആർ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീ.അനിൽകുമാർ.ആർ, അസി.ഓഡിറ്റ് ഓഫീസർ
ശ്രീ.കോസലരാമദാസ്.കെ,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.സീന.കെ,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.അൻവർ രാജ് എം,സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ബിന്ദു.പി.വി | സെക്രട്ടറി | 01-04-2020 | 10-06-2020 |
| ശ്രീമതി.മിനി ചന്ദ്ര | സെക്രട്ടറി | 11-06-2020 | 12-06-2020 |
| ശ്രീമതി.ഷീബ.കെ.എസ് | സെക്രട്ടറി | 13-06-2020 | 21-06-2020 |
| ശ്രീ.ജീവൻ.എസ് | സെക്രട്ടറി | 22-06-2020 | 31-03-2021 |
| ശ്രീമതി.രമ | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| ശ്രീ.സുരേഷ്കുമാർ.എ | പ്രസിഡന്റ് | 12-11-2020 | 31-03-2021 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ദീപ.ജെ | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ.ഷൈൻ | മെഡിക്കൽ ഓഫീസർ-ആയുർവേദം | 01-04-2020 | 31-03-2021 |
| ശ്രീമതി.ഉഷാകുമാരി | ഹെഡ് മിസ്റ്റർ (ഗവ.എൽ,പി.എസ് .പുന്നാവൂർ | 01-04-2020 | 31-03-2021 |
| ശ്രീ.അരുൺകുമാർ | വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |
| ശ്രീ.അഭിലാഷ് | അസി.എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ശ്രീ.മധുസൂദനൻ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 31-03-2021 |
| ശ്രീമതി.അന്ന അലക്സ് | അസി.സെക്രട്ടറി | 01-04-2020 | 30-10-2020 |
| ശ്രീമതി.ലേഖ.എ | അസി.സെക്രട്ടറി | 31-10-2020 | 31-03-2021 |
| ശ്രീമതി.മേഘന.എസ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ശ്രീ.സെബിൻ | വി.ഇ.ഒ 1 | 01-04-2020 | 08-10-2020 |
| ശ്രീ.സുജിത്ത് | വി.ഇ.ഒ 1 | 09-10-2020 | 31-03-2021 |
| ശ്രീമതി.ഷാനി | വി.ഇ.ഒ II | 01-04-2020 | 31-03-2021 |
| ഡോ.രാജേഷ് ചന്ദ്രൻ .ആർ | മെഡിക്കൽ ഓഫീസർ-പി.എച്ച്.സി | 01-04-2020 | 31-03-2021 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Zeena K (Senior Grade Auditor, On 13-02-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 07-06-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: Zeena K (Senior Grade Auditor, On 13-02-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 07-06-2022) | 1-2 |
| 3 | ഗ്രാന്റ് വിനിയോഗം [ACR പ്രകാരം]<br>Written By: Zeena K (Senior Grade Auditor, On 13-02-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 07-06-2022) | 1 -3 |
| 4 | പദ്ധതി അവലോകനം<br>Written By: Zeena K (Senior Grade Auditor, On 13-02-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 07-06-2022) | 1-4 |
| 5 | ക്ഷേമപദ്ധതികൾ<br>Written By: Zeena K (Senior Grade Auditor, On 13-02-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 07-06-2022) | 1-5 |
| 6 | പണം നീക്കിയിരിപ്പ് പരിശോധന<br>Written By: Anwar Raj.M (Senior Grade Auditor, On 10-03-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 07-06-2022) | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: AnilKumar R (Senior Grade Auditor, On 19-04-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 07-06-2022) | 1-7 |
| 8 | ആഭ്യന്തരനിയന്ത്രണം<br>Written By: Zeena K (Senior Grade Auditor, On 19-04-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 08-06-2022) | 1-8 |
| 9 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Prathap Kumar R (Audit Officer (HG), On 15-02-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 27-05-2022) | 1-9 |
| 10 | തൊഴിൽ നികുതി ഈടാക്കിയില്ല<br>Written By: Anwar Raj.M (Senior Grade Auditor, On 10-03-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 27-05-2022) | 1-10 |
| 11 | വസ്തു നികുതി --അപാകതകൾ<br>Written By: Zeena K (Senior Grade Auditor, On 13-02-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 07-06-2022) | 1-11 |
| 12 | കോവിഡ് -19 പ്രതിരോധ / നിർവ്യാപന പ്രവർത്തനങ്ങൾ -അവലോകനം<br>Written By: Zeena K (Senior Grade Auditor, On 13-02-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 07-06-2022) | 1-12 |
| 13 | കടമുറി വാടക ഈടാക്കിയിട്ടില്ല.<br>Written By: Anwar Raj.M (Senior Grade Auditor, On 10-03-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 07-06-2022) | 1-13 |
| 14 | പദ്ധതി മാർഗ്ഗരേഖക്ക് വിരുദ്ധമായി-ലാപ്ടോപ്പ് വിതരണം<br>Written By: Kosalaramadas.K (Senior Grade Auditor, On 04-03-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 28-05-2022) | 1-14 |
| 15 | പച്ചക്കറി കൃഷി ടെറസ്സിലും മുറ്റത്തും-മാർഗ്ഗരേഖ പാലിക്കുന്നില്ല-200000/- രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: Kosalaramadas.K (Senior Grade Auditor, On 04-03-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 28-05-2022) | 1-15 |
| 16 | കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും ലഭ്യമാകുന്നതിൽ കാലാതാമസം<br>Written By: Kosalaramadas.K (Senior Grade Auditor, On 04-03-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 07-06-2022) | 1-16 |
| 17 | അംഗൻവാടികളിലെ ഭൗതികസൗകര്യങ്ങൾ അപര്യാപ്തം- | 1-17 |

| | | |
|---|---|---|
| | പരിഹരിക്കേണ്ടതാണ്<br>Written By: Kosalaramadas.K (Senior Grade Auditor, On 04-03-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 07-06-2022) | |
| 18 | മിനിമാസ്റ്റ് പ്രവർത്തന ക്ഷമമമാക്കുന്നതിന് തുടർ നടപടികൾ അനിവാര്യം<br>Written By: AnilKumar R (Senior Grade Auditor, On 07-03-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 28-05-2022) | 1-18 |
| 19 | ഭവനനിർമ്മാണം, കക്കൂസ് മെയിന്റനൻസ് - പദ്ധതി നിർവ്വഹണത്തിലെ പാളിച്ചകൾ<br>Written By: Anwar Raj.M (Senior Grade Auditor, On 10-03-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 07-06-2022) | 1-19 |
| 20 | പൊതുടാപ്പുകളുടെ പ്രതിമാസ ചാർജ്ജ് അടയ്ക്കൽ-സംയുക്ത പരിശോധന നടത്തേണ്ടത് അനിവാര്യം<br>Written By: AnilKumar R (Senior Grade Auditor, On 21-03-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 28-05-2022) | 1-20 |
| 21 | കരാറിലേർപ്പെടാതെ മുൻകൂർ നൽകി-വിനിയോഗസാക്ഷ്യപത്രം ഹാജരാക്കാത്തതിനാൽ 5478218/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു<br>Written By: AnilKumar R (Senior Grade Auditor, On 21-03-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 08-06-2022) | 1-21 |
| 22 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല -ചെലവ് തുകയായ 137645/- രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: AnilKumar R (Senior Grade Auditor, On 21-03-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 28-05-2022) | 1-21-1 |
| 23 | വൈദ്യുതി ശ്മശാനം പ്രവർത്തനം ആരംഭിച്ചയുടൻ പഞ്ചായത്തിന് സ്വന്തം ചെലവിൽ അറ്റകുറ്റപ്പണി ചെയ്യേണ്ടി വന്നു.<br>Written By: AnilKumar R (Senior Grade Auditor, On 20-04-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 07-06-2022) | 1-22 |
| 24 | പരിസ്ഥിതി/ജൈവ വൈവിധ്യ പരിപാലനം അനിവാര്യം<br>Written By: Prathap Kumar R (Audit Officer (HG), On 20-04-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 28-05-2022) | 1-23 |
| 25 | ആസ്തി സംരക്ഷണം സംബന്ധിച്ച്<br>Written By: Prathap Kumar R (Audit Officer (HG), On 20-04-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 28-05-2022) | 1-24 |
| 26 | 'പകൽവീട് ' നാളിതുവരെ പ്രവർത്തനം ആരംഭിക്കാതെ നിഷ്ക്രിയ ആസ്തിയായി തുടരുന്നു.<br>Written By: Prathap Kumar R (Audit Officer (HG), On 20-04-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 07-06-2022) | 1-25 |
| 27 | ടാറിംഗ് പ്രവർത്തികൾക്ക് - ഉപയോഗിച്ച ടാറിന്റെ അളവ് അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല<br>Written By: Prathap Kumar R (Audit Officer (HG), On 20-04-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 28-05-2022) | 1-26 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Zeena K (Senior Grade Auditor, On 12-02-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 07-06-2022) | 4-1 |

| | | |
|---|---|---|
| 2 | നിക്ഷേപ പ്രവൃത്തികൾ<br>Written By: Zeena K (Senior Grade Auditor, On 12-02-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 28-05-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: Zeena K (Senior Grade Auditor, On 12-02-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 28-05-2022) | 4-3 |
| 4 | വായ്പാ / വായ്പാ തിരിച്ചടവ്<br>Written By: Zeena K (Senior Grade Auditor, On 12-02-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 28-05-2022) | 4-4 |
| 5 | സ്ഥിര നിക്ഷേപങ്ങൾ<br>Written By: Zeena K (Senior Grade Auditor, On 12-02-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 28-05-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Zeena K (Senior Grade Auditor, On 12-02-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 28-05-2022) | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട് ഖണ്ഡികകളുടെ വിവരം<br>Written By: Zeena K (Senior Grade Auditor, On 12-02-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 28-05-2022) | 4-7 |
| 8 | ചാർജ്ജ് / സർചാർജജ് നടപടികളുടെ വിവരം<br>Written By: Zeena K (Senior Grade Auditor, On 12-02-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 28-05-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Zeena K (Senior Grade Auditor, On 12-02-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 08-06-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം<br>Written By: Zeena K (Senior Grade Auditor, On 20-04-2022)<br>Last Updated By: K Sreeja (Deputy Director, On 08-06-2022) | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2020-21 സാമ്പത്തിക വർഷത്തെ ബജറ്റ് 25.03.2020 ലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചുവെങ്കിലും 12.02.2021 ലെ 1-ാം നമ്പർ തീരുമാന പ്രകാരം 2020-21 ലെ ബജറ്റ് പരിഷ്കരിക്കുകയും ചെയ്തിരിക്കുന്നു.

റിവൈസ്ഡ് ബഡ്ജറ്റ് പ്രകാരം മുന്നിരിപ്പുൾപ്പെടെ പ്രതീക്ഷിത വരവ് 367804273/-രൂപയും പ്രതീക്ഷിത ചെലവ് 361370895/-രൂപയുമാണ്. നീക്കിയിരിപ്പ് ബാക്കി 5733378/- ആണ്.

ബജറ്റ് പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു

കേരള പഞ്ചായത്ത് രാജ് ആക്ടിലെ 214(5) പ്രകാരം ബജറ്റിൽ ഇല്ലാത്ത ചെലവ് ചെയ്യേണ്ടി വന്നാൽ തൊട്ടടുത്ത് ചേരുന്ന പഞ്ചായത്ത് യോഗത്തിൽ അനുപൂരക ബജറ്റോ പുതുക്കിയ ബജറ്റോ അംഗീകരിച്ച് അനുവാദം നേടേണ്ടതാണ്.എന്നാൽ ഗ്രാമപഞ്ചായത്തിൽ പുതുക്കിയ ബജറ്റ് അംഗീകരിച്ചുവെങ്കിലും പ്രസ്തുത ബജറ്റിൽ വകയിരുത്താതെയും വകയിരുത്തിയതിൽ കൂടുതലായും ചെലവ് ചെയ്തിരിക്കുന്നു.ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ബജറ്റിൽ വകയിരുത്താതെ ചെലവ് ചെയ്തിരിക്കുന്നു.

| Code No | Item | AFS പ്രകാരം |
|---|---|---|
| 250100501 | Agricultural And Related Sectors-Dairy Development | 1,52,500/- |
| 250103901 | Animal Husbandry-Infrastructure-General | 4,00,000/- |
| 250104101 | Animal Husbandry-Related Facility-General | 1,05,000/- |
| 250104601 | Dairy Development- Storage & Marketing | 17,40,950/- |
| 250105201 | Inland Pisciculture-General | 2,21,360/- |
| 251100301 | High School Education | 65,750/- |

വരവിനത്തിൽ തുക ലഭിക്കുവാൻ സാദ്ധ്യതയില്ലാത്ത ഇനത്തിനും വകയിരുത്തിയതിന്റെ 1% താഴെ മാത്രം തുക ലഭിച്ച ഇനത്തിനും വൻ തുക വകയിരുത്തി ബജറ്റ് തയ്യാറാക്കിയിരിക്കുന്നു.വിശദ വിവരം ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് പ്രകാരം വകയിരുത്തിയ തുക | ലഭിച്ച തുക |
|---|---|---|
| വിനോദ നികുതി | 10,00,000/- | 0 |
| ആഡിറ്റോറിയം /ഹാൾ വാടക | 10,00,000/- | 14000/- |

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 7/22 നുള്ള മറുപടിയിൽ ബജറ്റ് തയ്യാറാക്കുന്നതിലുള്ള പരിജ്ഞാനക്കുറവാണെന്നും ഭാവിയിൽ ഇത്തരത്തിലുള്ള വീഴ്ച്കൾ പൂർണ്ണമായും ഒഴിവാക്കുന്നതാണെന്നും അറിയിച്ചിരിക്കുന്നു.

ബജറ്റ് തയ്യാറാക്കുമ്പോൾ തുകകൾ അതാതു ഹെഡുകളിൽ വകയിരുത്തുന്നതിനും ബജറ്റ് മാന്വലിലേയും കേരള പഞ്ചായത്ത് രാജ് ആക്ടിലെയും ചട്ടങ്ങൾ പാലിച്ചായിരിക്കണം തയ്യാറാക്കിയിരിക്കുന്നതെന്നും ഉത്തരവാദിത്തപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2021 | 17.05.2021 |

2020-21 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു .

1. കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 62 (2) പ്രകാരം വാർഷിക ധനകാര്യപത്രിക തയ്യാറാക്കുമ്പോൾ ചുവടെ ചേർക്കുന്നവ കൂടി ഉൾപ്പെടുത്തേണ്ടതാണ്.

A. അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ

B. അടിസ്ഥാന അനുപാതങ്ങൾ

മേൽ പത്രികകൾ വാർഷിക ധനകാര്യപത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

2. കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 58 (4) എ പ്രകാരമുള്ള സ്റ്റോക്കിന്റെ ഭൗതിക പരിശോധനയും പൊരുത്തപ്പെടുത്തലും നടത്തിയിട്ടില്ല. B-14 Stock In Hand (Inventories).

മേൽ രണ്ട് അപാകതകളും ഭാവിയിൽ പരിഹരിക്കുന്നതാണെന്ന ഓഡിറ്റ് എൻക്വയറി നം 1/22 (1,2)നുള്ള മറുപടിയിൽ അറിയിച്ചിരിക്കുന്നു.

3. B-7 Deposit Received എന്ന ഹെഡിൽ Deposit Received For Halls And Auditoriums എന്നയിനത്തിൽ നീക്കിയിരിപ്പ് തുക 33450/- രൂപയാണ്. എന്നാൽ 2019-20ലെ B-7 പ്രകാരം നീക്കിയിരിപ്പ് 153840/-രൂപയും 2019-20 ൽ വരവായി (RP 34 Receipts) 17000/- രൂപയും ചെലവായി (RP 34 Payment) 160390/- രൂപയുമാണ് കാണിച്ചിരിക്കുന്നത്.എന്നാൽ 2020-21 ൽ നീക്കിയിരിപ്പായി 10450/-രൂപയാണ് വരേണ്ടത്.രജിസ്റ്റർ പ്രകാരവും 33450/ -രൂപയാണ് കാണിച്ചിരിക്കുന്നത്.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 1/22 (3) നുള്ള മറുപടിയിൽ ഹെഡ് മാറി തുക വന്നതാണെന്നു അറിയിച്ചിരിക്കുന്നു.(Prior Period Income 23000/-രൂപ)

4.ചെലവഴിക്കാത്ത തുകകൾ തനതു ഫണ്ടിൽ അവശേഷിക്കുന്നു.

2019-20 ലെ നീക്കിയിരിപ്പ് തുകകൾ തന്നെയാണ് 2020-21 സാമ്പത്തിക വർഷത്തിലും വ്യത്യാസമില്ലാതെ തനതു ഫണ്ടിൽ അവശേഷിക്കുന്നു.(B -4 Schedule)

| Code No | Particulars | Amount |
|---|---|---|
| 320100110 | Centrally Sponsored Scheme-Indira Awas Yojana (IAY) | 340000/- |
| 320100115 | Centrally Sponsored Scheme- Total Sanitation Campaign (TSC) | 1041577/- |
| 320200309 | Literacy Scheme Grant | 300945/- |
| 320300103 | Grants,Funds & Contributions For Other Specific Purposes-Other Government Agencies-Total Sanitation | 692114/- |
| 320900101 | Nirmal Puraskar | 101390/- |

ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി നം 1/22 (4)നുള്ള മറുപടിയിൽ പ്രസ്തുത തുകകൾ പഞ്ചായത്തു കമ്മിറ്റിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ചെലവഴിക്കുന്നതിനോ , തിരികെ ഒടുക്കുന്നതിനോ വേണ്ട നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിരിക്കുന്നു.

5.സംയുക്ത പ്രോജക്ടുകളുടെ ചെലവഴിക്കാത്ത തുകകൾ തനതു ഫണ്ടിൽ അവശേഷിക്കുന്നു.

23.01.17-ലെ ജി.ഒ(പി) 07/17/ധന നമ്പർ ഉത്തരവ് പ്രകാരം പ്രോജക്റ്റ് നിർവ്വഹണം നടത്താത്ത പക്ഷം പ്രസ്തുത പദ്ധതി സ്പിൽഓവർ ആയില്ലെങ്കിൽ നിർവ്വഹണം ഏറ്റെടുത്ത തദ്ദേശസ്ഥാപനം ജോയിന്റ് ആക്കൗണ്ട് മാർച്ച് 31-ന് മുൻപ് റിക്കൺസിലിയേഷൻ നടത്തി ചെലവഴിക്കാൻ കഴിയാത്ത തുക അതത് തദ്ദേശസ്ഥാപനത്തിന് കൈമാറേണ്ടതും അക്കൗണ്ട് സീറോ ബാലൻസ് ആക്കേണ്ടതുമാണെന്നിരിക്കെ സംയുക്ത പ്രോജക്ടുകളുടെ തുകകൾ ചെലവഴിക്കാതെ തനതുഫണ്ടിൽ അവശേഷിക്കുന്നു.(B -4 Schedule)

| Code No | Particulars | Amount |
|---|---|---|

| | | |
|---|---|---|
| 320700205 | Contributions For Joint Venture Projects (For Revenue Expenditure) - From District Panchayats | 485458/- |
| 320700304 | Contributions For Other Specific Purposes (For Capital Expenditure) - From Block Panchayats | 49000/- |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 1/22 (5 )നുള്ള മറുപടിയിൽ പ്രസ്തുത തുകകൾ പഞ്ചായത്ത് കമ്മിറ്റിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ തുകകൾ തിരികെ ഒടുക്കുന്നതിനോ വേണ്ട നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിരിക്കുന്നു.

6. Beneficiary Contribution ആയി 74805/-രൂപ നീക്കിയിരിപ്പായി കാണിച്ചിരിക്കുന്നത് ഹെഡ് മാറി വന്ന തുകകളാണെന്നും പ്രസ്തുത തുക അടിയന്തിരമായി ക്രമീകരിക്കാമെന്നും ഓഡിറ്റ് എൻക്വയറി നം. 1/22 (6 )നുള്ള മറുപടിയിൽ അറിയിച്ചിരിക്കുന്നു. ക്രമീകരിച്ച വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

7. DCB KTDA Saksharatha (RP-40 (A) &(B) പ്രകാരം 300945/-രൂപയുടെ അക്കൗണ്ടിൽ നീക്കിയിരിപ്പ് കാണുന്നു.പ്രസ്തുത അക്കൗണ്ട് 2014-15 മുതൽ പ്രവർത്തനക്ഷമമല്ലെന്ന് അറിയിച്ചിരിക്കുന്നു.നീക്കിയിരിപ്പ് തുക തനത് ഫണ്ടിൽ മുതൽക്കൂട്ടി മേൽ അക്കൗണ്ട് ക്ലോസ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

വരവ് തുകകൾ പൊരുത്തപ്പെടാത്തത് സംബന്ധിച്ച്

8.വിവിധ വരവിനങ്ങളിൽ സ്ഥാപനം ഹാജരാക്കിയ രജിസ്റ്ററിലെ വരവ് തുകകളും വാർഷിക ധനകാര്യപത്രികയിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ഇനം | രജിസ്റ്റർ പ്രകാരമുള്ള തുക | വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള തുക |
|---|---|---|
| ലൈസൻസ് രജിസ്റ്റർ | | |
| Current | 187300 | 202040 |
| Arrear | 3600 | 0 |
| തൊഴിൽ നികുതി രജിസ്റ്റർ (Traders) | | |
| Current | 245460 | 328760 |
| Arrear | 6840 | 0 |
| തൊഴിൽ നികുതി രജിസ്റ്റർ | | |
| Employees | 1539001 | 1489460 |
| Institutions | 47500 | 0 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 14/22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ പൊരുത്തക്കേടുകൾ എപ്രകാരം സംഭവിച്ചു എന്നത് പരിശോധിക്കേണ്ടതും അപാകങ്ങൾ പരിഹരിക്കേണ്ടതുമാണ്.

## 1 -3 ഗ്രാന്റ് വിനിയോഗം [ACR പ്രകാരം]

സ്ഥാപനം ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് യഥാർത്ഥ ACR ചെലവുകളുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ താഴെ നൽകിയിട്ടുണ്ട്.

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 16847945 | 16847945 | 16847867 | 78 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 12351549 | 12351549 | 10766770 | 1584779 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 245800 | 245800 | 245800 | 0 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Untied) | 0 | 24074723 | 24074723 | 18505917 | 5568806 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Tied) | 0 | 9720000 | 9720000 | 2154420 | 7565580 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 0 | 26006000 | 26006000 | 24735970 | 1270030 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം | 0 | 6929199 | 6929199 | 4901692 | 2027507 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് (ഇനം തിരിച്ച്) | | | | | |
| സാക്ഷരത മിഷൻ ഗ്രാന്റ് | 300945 | 0 | 300945 | 0 | 300945 |
| ശുചിത്വ മിഷൻ ഗ്രാന്റ് | 54190 | 4644269 | 4698459 | 2018000 | 2680459 |
| കേന്ദ്രാവിഷ്കൃത ഫണ്ട് (ഇനം തിരിച്ച്) | | | | | |
| NREGA | 1093925 | 2000828 | 3094753 | 2959538 | 135215 |
| ICDS | 1189247 | 1104789 | 2294036 | 1400000 | 894036 |

ഗ്രാന്റ് സ്റ്റേറ്റ്മെന്റ് ,വാർഷിക ധനകാര്യ പത്രിക/ഏ.സി.ആർ എന്നിവ പൊരുത്തപ്പെടുന്നില്ല

1.ഗ്രാന്റ് സ്റ്റേറ്റ്മെന്റ് ,വാർഷിക ധനകാര്യ പത്രിക/ഏ.സി.ആർ എന്നിവ പരിശോധിച്ചതിൽ ചെലവ് തുകകളിൽ വ്യത്യാസം വന്നിരിക്കുന്നു.വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവ് | വാർഷിക ധനകാര്യ പത്രിക/ഏ.സി.ആർ പ്രകാരമുള്ള ചെലവ് | വ്യത്യാസം |
|---|---|---|---|---|
| 1 | വികസന ഫണ്ട് (ജനറൽ) | 21572322 | 16847867 | 4724455 |
| 2 | വികസന ഫണ്ട്(എസ്.സി.പി) | 11572221 | 10766770 | 805451 |
| 3 | വികസന ഫണ്ട്(റ്റി.എസ്.പി) | 377761 | 245800 | 131961 |
| 4 | മെയിന്റനൻസ് ഫണ്ട് (റോഡിതരം) | 4972493 | 4901692 | 70801 |
| 5 | വികസന ഫണ്ട്(സി.എഫ്.സി) | 18281882 | 18505917 | -224035 |
| 6 | മെയിന്റനൻസ് ഫണ്ട് (റോഡ്) | 22616371 | 24735970 | -2119599 |

മേൽ അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 4 /22 നുള്ള മറുപടിയിൽ ക്രമ നം 1മുതൽ 4വരെയുള്ളതിന്റെ വ്യത്യാസം വന്ന തുകകൾ ജി.ഒ പ്രോജക്ടിനായി വകയിരുത്തിയ തുകകളാണെന്നും ക്രമ നം 5,6 എന്നിവയുടെ വ്യത്യാസം വന്ന തുകകൾ പദ്ധതികൾക്കായി ചെലവഴിച്ചെങ്കിലും ടി പ്രോജക്ടുകൾ Approved സ്റ്റാറ്റസിൽ അല്ലാത്തതിനാലാണ് ഗ്രാന്റ്

സ്റ്റേറ്റ്മെന്റിന്റെ ചെലവിൽ ഉൾപ്പെടാത്തതെന്നും അറിയിച്ചിരിക്കുന്നു. ഗ്രാന്റ് സ്റ്റേറ്റ്മെന്റ് അപാകം പരിഹരിച്ച് ക്രമീകരിച്ച് സമർപ്പിക്കേണ്ടതാണ്.

## 1-4 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 254 | 210274843 | 203 | 101838002 | - | 51 | 48% |

1 സ്പിൽ ഓവർ പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല

16-11-2013 ലെ സർക്കാർ ഉത്തരവ് നമ്പർ 362/2013/ത.സ്വ.ഭ.വ ഖണ്ഡിക 11.3 Xii (ഇ)യിലും 29-3-2017 ലെ 72/2017/ തസ്വഭവ നമ്പരിലുള്ള പദ്ധതി മാർഗനിർദ്ദേശത്തിലും സ്പിൽ ഓവർ പദ്ധതികൾ സ്പിൽ ഓവറായ വർഷം തന്നെ പൂർത്തീകരിയ്ക്കണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. മാത്രമല്ല വാർഷിക പദ്ധതി തയ്യാറാക്കുമ്പോൾ സ്പിൽ ഓവറായി തുടരേണ്ടുന്ന പദ്ധതികളെക്കുറിച്ച് തീരുമാനം എടുക്കുകയും അതിനെ വാർഷിക പദ്ധതിയുടെ ഭാഗമാക്കി മാറ്റേണ്ടതുമാണ്. എന്നാൽ ചുവടെ ചേർക്കുന്ന സ്പിൽ ഓവർ പദ്ധതികൾ പൂർത്തിയാക്കിയിട്ടില്ല.വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട് നം | പദ്ധതിയുടെ പേര് | അടങ്കൽ |
|---|---|---|---|
| 1. | 239/21 | പുല്ലുവിള-മുണ്ടുക്കോണം റോഡ് മെറ്റലിംഗ്,ടാറിംങ്ങ് (വാർഡ് 1) | 700000/- |
| 2. | 252/21 | ചിറയിൽ പൊയ്യർക്കോണം ബണ്ട് റോഡ് നിർമ്മാണം (വാർഡ് 1 & 2) | 650000/- |
| 3 | 254/21 | കൊല്ലംക്കോട്- സുന്ദരകവാടം ചാനൽക്കര റോഡ് കോൺക്രീറ്റ് -(വാർഡ്17) | 498000/- |
| 4 | 259/21 | റസ്സൽപുരം,പുന്നാവൂർ ഗവ.സ്കൂളിൽ സാനിട്ടറി യൂണിറ്റ് നിർമ്മാണം | 314022/- |
| 5 | 260/21 | കണ്ടല-വേലംവിളാകം നടപ്പാത കോൺക്രീറ്റ് (വാർഡ് 3) | 350000/- |
| 6 | 262/21 | പ്ലാവിള ഇടവഴി കോൺക്രീറ്റ് - വാർഡ് 20 | 496000/- |
| 7 | 270/21 | ഊരുട്ടമ്പലം നടപ്പാത ഇന്റർലോക്കിംഗ് | 63000/- |
| 8 | 271/21 | ശ്മശാന നിർമ്മാണം | 5000000/- |
| 9 | 272/21 | മണ്ണടിക്കോണം അംഗൻവാടി പുനരുദ്ധാരണം | 91182/- |
| 10 | 273/21 | ശ്മശാനത്തിനു വൈദ്യുതികണക്ഷൻ ലഭ്യമാക്കൽ | 95000/- |
| 11 | 274/21 | സ്കൂളുകളിൽ ടോയിലറ്റ് നിർമ്മാണം | 400000/- |

| | | | |
|---|---|---|---|
| 12 | 275/21 | ബഡ്സ് സ്കൂളുകളിൽ ടോയിലറ്റ് നിർമ്മാണം | 500000/- |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 32/22 ന മറുപടി ഹാജരാക്കിയിട്ടില്ല. പദ്ധതി തുക പാഴാകാതെ സ്പിൽ ഓവർ പദ്ധതികൾ സ്പിൽ ഓവറായ വർഷം തന്നെ പൂർത്തീകരിയ്ക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

2 പദ്ധതികളുടെ ചെലവ് ശതമാനത്തിൽ കുറവ്

1. 2020 -21 സാമ്പത്തിക വർഷത്തിൽ ചുവടെ ചേർക്കുന്ന പദ്ധതികളുടെ മേഖലാടിസ്ഥാനത്തിലുള്ള ചെലവുകൾ കുറവായി കാണുന്നു.പദ്ധതികളുടെ ആകെ ചെലവ് ശതമാനം 48% മാത്രമാണ്.

| വിഭാഗം | അടങ്കൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|
| പൊതു വിഭാഗം (പശ്ചാത്തലം) | 1738181 | 279631 | 16% |
| പട്ടികജാതി വിഭാഗം (ഉൽപാദനം) | 550000 | 272500 | 49% |
| പൊതു വിഭാഗം (സേവനം) ധനകാര്യകമ്മീഷൻ അവാർഡ് | 11373822 | 5149220 | 45% |

മേൽ അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 5/22 നുള്ള മറുപടിയിൽ വികസന ഫണ്ട് പൊതു വിഭാഗത്തിൽ നിന്നും 4724455/-രൂപ ജി.ഒ പ്രോജക്ടിനായി ചെലവാക്കിയതിനാൽ നീക്കിയിരിപ്പ് തുക കുറവായതിനാലാണ് പശ്ചാത്തല മേഖലയിൽ തുക ചെലവഴിക്കുവാൻ കഴിയാത്തതെന്ന് അറിയിച്ചിരിക്കുന്നു.

പട്ടികജാതി വിഭാഗം (ഉൽപാദനം)ത്തിൽ ഗുണഭോക്താക്കളുടെ കുറവ് കാരണമാണ് ചെവലിൽ കുറവ് വന്നതെന്നും, പദ്ധതികളുടെ പൂർത്തീകരണം വൈകിയതിനാലാണ് പൊതു വിഭാഗം (സേവനം) ധനകാര്യകമ്മീഷൻ അവാർഡിന്റെ ചെലവിൽ കുറവ് വന്നിരിക്കുന്നതെന്നും അറിയിച്ചിരിക്കുന്നു.ഭാവിയിൽ ഇത്തരം വീഴ്ച്ച വരുത്താതിരിക്കുവാൻ പരമാവധി ശ്രദ്ധിക്കുന്നതാണെന്നും അറിയിച്ചിരിക്കുന്നു.

2. പ്രത്യേക പദ്ധതികളുടെ ചെലവ് ശതമാനത്തിൽ കുറവ്

| വിഭാഗം | അടങ്കൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|
| വനിത ഘടക പദ്ധതി | 12963726 | 4582726 | 35% |
| ഭിന്നശേഷിക്കാർക്കുള്ള പദ്ധതി | 1325000 | 444675 | 33% |

പൊതു വിഭാഗത്തിലെ ഫണ്ടിന്റെ അപര്യാപ്തതയും ഗുണഭോക്തൃവിഹിതം ചെലവിൽ അപ്ഡേഷൻ വരാത്തതിനാലുമാണ് വനിത ഘടക പദ്ധതിയുടെ ചെലവിൽ കുറവ് വന്നതെന്നും,കോവിഡിന്റെ അതിതീവ്ര സാഹചര്യത്തിൽ ബഡ്സ് സ്കൂളിന്റെ പ്രവർത്തനം ഇല്ലാത്തതിനാലുമാണ് ഭിന്നശേഷിക്കാർക്കുള്ള പദ്ധതിയുടെ ചെലവിൽ കുറവ് വന്നതെന്നും അറിയിച്ചിരിക്കുന്നു.( ഓഡിറ്റ് എൻക്വയറി നം 5/22)

## 1-5 ക്ഷേമപദ്ധതികൾ

2020-21 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്ത് നൽകിയ വിവിധ ക്ഷേമപെൻഷനുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 147000 | 209 |
| കർഷകതൊഴിലാളി പെൻഷൻ | 6000000 | 432 |
| വിധവാപെൻഷൻ | 28817700 | 1945 |
| വാർദ്ധക്യകാല പെൻഷൻ | 44868400 | 3482 |
| വികലാംഗപെൻഷൻ | 9035800 | 623 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 150000 | 5 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1495900 | 108 |

1. ക്ഷേമ പെൻഷൻ വിതരണത്തിലെ അപാകതകൾ

ധന വകുപ്പിന്റെ 22.09.2017 എസ്.എഫ്.സി.ബി 1 /62/2017-ാം നമ്പർ സർകുലർ, 29.11.2017 ലെ എസ്.എഫ്.സി.ബി 1 / 71/2017-ാംനമ്പർ സർകുലർ, 2.08.2021 ലെ എസ്.എഫ്.സി.ബി 1 /63/2021-ാംനമ്പർ സർകുലർ എന്നിവ പ്രകാരം ക്ഷേമ പെൻഷൻ കൈപ്പറ്റുന്ന ഗുണഭോക്താവ് മരണപ്പെട്ട വിവരം പ്രാദേശിക സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടാൽ പെൻഷൻ വിതരണം അന്നു തന്നെ നിറുത്തേണ്ടതാണെന്നും മരണപ്പെട്ടവരെ ഗുണഭോക്തൃലിസ്റ്റിൽ നിന്നും ഒഴിവാക്കുവാൻ സെക്രട്ടറി നടപടി സ്വീകരിക്കേണ്ടതാണെന്നും പ്രസ്തുത ലിസ്റ്റിൽ നിന്നും സമയബന്ധിതമായി ഒഴിവാക്കിയില്ലെങ്കിൽ സർക്കാരിനുണ്ടാകുന്ന സാമ്പത്തിക നഷ്ടം സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണെന്നുമുള്ള ഉത്തരവുകൾ നിലനിൽക്കെ ഗ്രാമപഞ്ചായത്തിൽ സ്ഥാപനം ഹാജരാക്കിയ മരണ രജിസ്റ്റർ പരിശോധിച്ചതിൽ മരണപ്പെട്ട വ്യക്തികളുടെ പേർക്ക് ക്ഷേമപെൻഷൻ വിതരണം ചെയ്തിരിക്കുന്നു.2021 ഡിസംബർ വരെ ഇപ്രകാരം നൽകിയ പെൻഷന്റെ ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| പേര് | ആധാർ നം | മരണപ്പെട്ട തീയതി | പെൻഷൻ ഇനം | തുക നൽകിയതു സംബന്ധിച്ച് |
|---|---|---|---|---|
| സജികുമാർ.ഡി | 624924233611 | 15.03.2021 | ഇന്ദിര ഗാന്ധി ദേശിയ ഡിസബിലിറ്റി പെൻഷൻ | തുക ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചു. |
| കാന്തിമതി.എ | 792696146908 | 12.03.2021 | കർഷകത്തൊഴിലാളി പെൻഷൻ | തുക ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചു |
| ജാക്സൺ.വി | 959471139937 | 5.04.2021 | ഇന്ദിര ഗാന്ധി ദേശിയ വാർദ്ധ്യക്യകാല പെൻഷൻ | തുക ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചു |
| ബി.വാസന്തി | 469165524265 | 23.03.2021 | ഇന്ദിര ഗാന്ധി ദേശിയ വാർദ്ധ്യക്യകാല പെൻഷൻ | തുക ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചു |
| എൽസി.ആർ | 389358808111 | 8.04.2021 | കർഷകത്തൊഴിലാളി പെൻഷൻ | തുക ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചു |
| ശങ്കരൻകുട്ടിനായർ | 762713671123 | 18.04.2021 | ഇന്ദിര ഗാന്ധി ദേശിയ വാർദ്ധ്യക്യകാല പെൻഷൻ | തുക ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചു |
| കൃഷ്ണൻകുട്ടി നായർ | 325776552539 | 14.05.2021 | ഇന്ദിര ഗാന്ധി ദേശിയ വാർദ്ധ്യക്യകാല പെൻഷൻ | തുക ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചു |
| രാജമ്മ.ജെ | 636251535789 | 30.03.2021 | ഇന്ദിര ഗാന്ധി ദേശിയ വിധവ | തുക സഹകരണ ബാങ്കിനു |

| | | | | |
|---|---|---|---|---|
| | | | പെൻഷൻ | നൽകിയിരിക്കുന്നു. |
| നൃഹമ്മ | 620073746687 | 4.4.2021 | ഇന്ദിര ഗാന്ധി ദേശിയ വിധവ പെൻഷൻ | തുക സഹകരണ ബാങ്കിനു നൽകിയിരിക്കുന്നു.(Nov 2021 വരെ തുക കൈപ്പറ്റിയിരക്കുന്നു) |
| ദേവദാസൻ.എം | 384564369166 | 20.04.21 | ഇന്ദിര ഗാന്ധി ദേശിയ വാർദ്ധ്യക്യകാല പെൻഷൻ | തുക സഹകരണ ബാങ്കിനു നൽകിയിരിക്കുന്നു |
| ജഗദമ്മ | 492011963632 | 6.05.2021 | ഇന്ദിര ഗാന്ധി ദേശിയ വാർദ്ധ്യക്യകാല പെൻഷൻ | തുക സഹകരണ ബാങ്കിനു നൽകിയിരിക്കുന്നു |
| കെസിയാൾ.എസ് | 583194909910 | 16.5.2021 | കർഷകത്തൊഴിലാളി പെൻഷൻ | തുക സഹകരണ ബാങ്കിനു നൽകിയിരിക്കുന്നു |
| ശ്യാമള കുമാരി | 902113934323 | 19.05.2021 | ഇന്ദിര ഗാന്ധി ദേശിയ വിധവ പെൻഷൻ | തുക സഹകരണ ബാങ്കിനു നൽകിയിരിക്കുന്നു |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 2/22 നുള്ള മറുപടിയിൽ കോവിഡിന്റെ പശ്ചാത്തലത്തിൽ ഗ്രാമസഭായോഗങ്ങൾ നടക്കാത്തതിനാൽ മരണപ്പെട്ട വ്യക്തികളുടെ വിവരം രജിസ്റ്ററിൽ അപ്പ്ഡേറ്റ് ചെയ്യുവാൻ കഴിയാത്തതിനാലാണെന്നും വ്യക്തികളുടെ ബാങ്ക് അക്കൗണ്ട് പരിശോധിച്ച് തുകകൾ തിരികെ അടപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമെന്ന് അറിയിച്ചിരിക്കുന്നു.

പഞ്ചായത്തിൽ മരണപ്പെട്ട ക്ഷേമപെൻഷൻ കൈപ്പറ്റുന്ന വ്യക്തികളുടെ മുഴുവൻ വിവരവും അധികമായി നൽകിയ തുകകളുടെ വിവരവും 2 മാസത്തിനുള്ളിൽ അറിയിക്കേണ്ടതും അനർഹരെ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-6 പണം നീക്കിയിരിപ്പ് പരിശോധന

തിരുവനന്തപുരം ജില്ലയിലെ മാറനല്ലൂർ ഗ്രാമ പഞ്ചായത്തിന്റെ 2020 – 2021 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള പണം നീക്കിയിരിപ്പ് പരിശോധന 04.02.2020 തീയതിയിൽ രാവിലെ 11:45 സമയത്ത് സ്ഥാപന തലവന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. 3634/- രൂപയുടെ നീക്കിയിരിപ്പ് പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 1093925 | 2000828 | 3094753 | 2959538 | 135215 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 66757000 | 66757000 | 66757000 | 0 |

| | | | | | |
|---|---|---|---|---|---|
| ആകെ | 1093925 | 68757828 | 69851753 | 69716538 | 135215 |

## 1-8 ആഭ്യന്തരനിയന്ത്രണം

പഞ്ചായത്തിലെ രജിസ്റ്ററുകളുടെയും റിക്കാർഡുകളുടെയും പരിപാലനം സാമാന്യം തൃപ്തികരമാണ്. പൊതുജനങ്ങളിൽ നിന്നും സ്വീകരിക്കുന്ന പരാതികളും വിവരാവകാശ അപാക്ഷകളും രജിസ്റ്ററിൽ രേഖപ്പെടുത്തി തുടർനടപടികൾ സ്വീകരിച്ച് വരുന്നതായി കാണുന്നു. തനത് വരവിനങ്ങൾ (വസ്തുനികുതി, തൊഴിൽനികുതി എന്നിവ) ഡിമാന്റ് ചെയ്യുന്നതിലും പൂർണ്ണമായും പിരിച്ചെടുക്കുന്നതിലും വേണ്ടത്ര ശ്രദ്ധ പുലർത്തുന്നതായി കാണുന്നില്ല.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പൊർഫോമൻസ് ഓഡിറ്റ് | 28.10.2019 | 01.07.2019 മുതൽ 30.09.2019 വരെ | -- |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | ലഭ്യമല്ല | 2015-16 മുതൽ 2019-20 വരെ | 15.07.2020 |

## 1-10 തൊഴിൽ നികുതി ഈടാക്കിയില്ല

താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും ഒന്നാം അർദ്ധവർഷതൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിലും, രണ്ടാം അർദ്ധ വർഷ തൊഴിൽ നികുതി ഈടാക്കാതിരിക്കയോ / കുറവായി ഈടാക്കുകയോ ചെയ്തതായി കാണുന്നു. ടി ജീവനക്കാരുടെ അർദ്ധവാർഷിക വരുമാന സ്റ്റേറ്റ്മെന്റ് ഹാജരാക്കിയിട്ടില്ലാത്തതിനാൽ ഈടാക്കിയ നികുതിയിൽ കുറവുണ്ടോയെന്ന് ഓഡിറ്റിന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

| സ്ഥാപനത്തിന്റെ പേര് | ജീവനക്കാരന്റെ പേര് | അപാകത |
|---|---|---|
| പോസ്റ്റ് ഓഫീസ് നെയ്യാറ്റിൻകര | ഹേമജ | രണ്ടാം അർദ്ധവാർഷിക തൊഴിൽ നികുതി ഈടാ ക്കിയിട്ടില്ല. |
| എസ്.ബി.ഐ. ഊരുട്ടമ്പലം | ഹർഷൽ റഹ്മാൻ | രണ്ടാം അർദ്ധവാർഷിക തൊഴിൽ നികുതി ഈടാ ക്കിയിട്ടില്ല. |
| ഗവ: ആയുർവേദ ഡിസ്പെൻസറി മാറനല്ലൂർ | മോനി.സി | രണ്ടാം അർദ്ധവാർഷിക തൊഴിൽ നികുതി ഈടാ ക്കിയിട്ടില്ല. |
| കാനറ ബാങ്ക് പോങ്ങുംമൂട് | 1.അവിനാഷ് ആർ.വി<br>2.ഹഭാഷ.എൻ<br>3.മഞ്ജു.എം | രണ്ടാം അർദ്ധവാർഷിക തൊഴിൽ നികുതി ഈടാ ക്കിയിട്ടില്ല. |
| മുത്തൂറ്റ് മൈക്രോ ഫിൻ, മാറനല്ലൂർ | | രണ്ടാം അർദ്ധവാർഷിക തൊഴിൽ നികുതി ഈടാ ക്കിയിട്ടില്ല. |
| റസ്സൽ പുരം മിൽക്ക് പ്രൊഡ്യൂസർ കോ.ഓപ്പറേറ്റീവ് സൊസൈറ്റി | കെ.വിജയകുമാർ | രണ്ടാം അർദ്ധവാർഷിക തൊഴിൽ നികുതി കുറവ് ഈടാക്കി |
| കേരള ഗ്രാമീൺ ബാങ്ക് | ദിവ്യ വിജയൻ | രണ്ടാം അർദ്ധവാർഷിക തൊഴിൽ നികുതി ഈടാ ക്കിയിട്ടില്ല. |
| മണപ്പുറം ഫിനാൻസ് | രേഷ്മ രവീന്ദ്രൻ | രണ്ടാം അർദ്ധവാർഷിക തൊഴിൽ നികുതി കുറവ് ഈടാക്കി |
| മണപ്പുറം ഫിനാൻസ് | ആര്യ ബിറ്റി | രണ്ടാം അർദ്ധവാർഷിക തൊഴിൽ നികുതി കുറവ് ഈടാക്കി |
| കെ.എസ്.എഫ്.ഇ. | പ്രതീഷ് | രണ്ടാം അർദ്ധവാർഷിക തൊഴിൽ നികുതി ഈടാ ക്കിയിട്ടില്ല. |

| | | |
|---|---|---|
| കെ.എസ്.എഫ്.ഇ. | സുനിത.കെ | രണ്ടാം അർദ്ധവാർഷിക തൊഴിൽ നികുതി ഈടാ ക്കിയിട്ടില്ല. |
| കണ്ടല കോപ്പറേറ്റീവ് ആശുപത്രി | ലാലി എസ്.ആർ | രണ്ടാം അർദ്ധവാർഷിക തൊഴിൽ നികുതി കുറവ് ഈടാക്കി |
| വില്ലേജ് ഓഫീസ് | ഷെർളി മോണി വി. എസ് | രണ്ടാം അർദ്ധവാർഷിക തൊഴിൽ നികുതി ഈടാ ക്കിയിട്ടില്ല. |
| കൈരളി എക്സ്പോർട്ട്സ് | 9 ജീവനക്കാർ | രണ്ടാം അർദ്ധവാർഷിക തൊഴിൽ നികുതി ഈടാ ക്കിയിട്ടില്ല. |
| റിലയൻസ് റീട്ടൈൽ (ജിയോ പോയിൻ്റ്) | ലാൽ കൃഷ്ണൻ.ജി | രണ്ടാം അർദ്ധവാർഷിക തൊഴിൽ നികുതി കുറവ് ഈടാക്കി |
| പോളി ക്യാപിറ്റൽ കണ്ടള | ഗോപകുമാർ.വി | രണ്ടാം അർദ്ധവാർഷിക തൊഴിൽ നികുതി ഈടാ ക്കിയിട്ടില്ല. |
| പോലീസ് സ്റ്റേഷൻ | സുനിൽ കുമാർ.ആർ | രണ്ടാം അർദ്ധവാർഷിക തൊഴിൽ നികുതി ഈടാ ക്കിയിട്ടില്ല. |
| പോലീസ് സ്റ്റേഷൻ | സുരേഷ്കുമാർ.എസ് | രണ്ടാം അർദ്ധവാർഷിക തൊഴിൽ നികുതി ഈടാ ക്കിയിട്ടില്ല. |
| സെൻ്റ് മേരീസ് സെൻട്രൽ സ്കൂൾ, വണ്ടന്നൂർ | 12 ജീവനക്കാർ | രണ്ടാം അർദ്ധവാർഷിക തൊഴിൽ നികുതി ഈടാ ക്കിയിട്ടില്ല. |
| ക്രൈസ്റ്റ് നഗർ പബ്ലിക് സ്കൂൾ | 33 ജീവനക്കാർ | രണ്ടാം അർദ്ധവാർഷിക തൊഴിൽ നികുതി ഈടാ ക്കിയിട്ടില്ല. |
| SALPS, ചെങ്ങല്ലൂർ | 4 ജീവനക്കാർ | രണ്ടാം അർദ്ധവാർഷിക തൊഴിൽ നികുതി ഈടാ ക്കിയില്ല. |
| കാർമൽ മാത ഇംഗ്ലീഷ് മീഡിയം സ്കൂൾ, പുന്നവൂർ | 9 ജീവനക്കാർ | ഒന്നാം അർദ്ധവാർഷിക തൊഴിൽ നികുതിയെക്കാൾ കുറവ് രണ്ടാം അർദ്ധവാർഷികത്തിൽ ഈടാക്കി. |
| മുത്തൂറ്റ് ഫിനാൻസ് | 1.രഞ്ജു.എം<br>2.മനു സ്റ്റീഫൻ | ഒന്നാം അർദ്ധവാർഷിക തൊഴിൽ നികുതി ഈടാ ക്കിയിട്ടില്ല. |
| നെയ്യാറ്റിൻകര മാർക്കറ്റിങ്ങ് കോപ്പറേറ്റീവ് സൊസൈറ്റി, പോങ്ങുംമൂട് | വി.എസ്.ഹേമചന്ദ്രൻ | ഒന്നാം അർദ്ധവാർഷിക തൊഴിൽ നികുതി ഈടാ ക്കിയിട്ടില്ല. |

മേൽ ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കുന്നതിനും കുറവ് ഈടാക്കിയതിനും വ്യക്തമായ വിശദീകരണം നൽകേണ്ടതാണ്.

## 1-11 വസ്തു നികുതി --അപാകതകൾ

വസ്തു നികുതി സംബന്ധിച്ച് സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1.മേഖല നിർണ്ണയത്തിലെ അപാകതകൾ

2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 7 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തെ പ്രഥമം, ദ്വിതീയം, തൃതീയം എന്നിങ്ങനെ മേഖലകളായി തരം തിരിക്കേണ്ടതും , ചട്ടം 7(4) പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ ഗ്രാമപഞ്ചായത്തിന്റെ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. കെട്ടിടങ്ങൾക്ക് വസ്തു നികുതി നിർണയിക്കുമ്പോൾ പ്രസ്തുത മേഖലകളുടെ അടിസ്ഥാനത്തിലാണ് നികുതി ഇളവ് അനുവദിക്കേണ്ടത്.

എന്നാൽ ഗ്രാമപഞ്ചായത്തിലെ വസ്തു നികുതിയുടെ മേഖല നിർണ്ണയത്തിന്റെ വിവരം സഞ്ചയയിൽ പരിശോധിച്ചപ്പോൾ ഒരേ പ്രദേശത്തെ/കെട്ടിടത്തിലെ സമീപ കെട്ടിടങ്ങൾക്ക് വ്യത്യസ്ഥ മേഖല നിർണ്ണയം നടത്തിയിട്ടുണ്ട്. ളുങ്ങാംപ്പാറ വാർഡ് പരിശോധിച്ചതിൽ കണ്ട ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| വാർഡ്/ കെട്ടിട നം | ഉടമസ്ഥന്റെ മേൽവിലാസം | പ്രദേശം | റോഡ് തരം | മേഖല |
|---|---|---|---|---|
| 4/37/B | വിമലദേവി | കണ്ടല കാലായ് വിട്ട് | 1.5 മീറ്ററോ അതിൽ | ദ്വിതീയം |

| | | | | |
|---|---|---|---|---|
| | ചോതി,കണ്ടല,<br>കണ്ടല പി.ഒ | ഇടവഴി | കൂടുതൽ | |
| 4/37/C | മഞ്ജു.എ.നായർ,കൃഷ്ണപദ്മം<br>കണ്ടല,കണ്ടല പി. | കണ്ടല കാലായ് വിട്ട്<br>ഇടവഴി | 1.5 മീറ്ററോ അതിൽ<br>കൂടുതൽ | പ്രഥമം |
| 4/76/F | റുക്സാന ഷംനാദ്<br>ജന്നത്ത്,<br>കരക്കാട്ടുവിളാകം,കണ്ടല | കണ്ടല കാലായ് വിട്ട്<br>ഇടവഴി | 1.5 മീറ്ററോ അതിൽ<br>കൂടുതൽ | ദ്വിതീയം |
| 4/79/B | ഫാസില<br>ബൈത്തുൽ ഈമാൻ<br>കണ്ടല,കണ്ടല പി.ഒ | കണ്ടല കാലായ് വിട്ട്<br>ഇടവഴി | 1.5 മീറ്ററോ അതിൽ<br>കൂടുതൽ | പ്രഥമം |
| 4/218/A | ആർ.സജു<br>അമൃതം,കണ്ടല.കണ്ടല പി.ഒ | കണ്ടല കാലായ് വിട്ട്<br>ഇടവഴി | 1.5 മീറ്ററോ അതിൽ<br>കൂടുതൽ | ദ്വിതീയം |
| 4/221/A | ശശിധരൻ.കെ<br>വേങ്ങനിന്നവിള<br>വീട്,ഉൂങ്ങാംപ്പാറ,കണ്ടല | കണ്ടല കാലായ് വിട്ട്<br>ഇടവഴി | 1.5 മീറ്ററോ അതിൽ<br>കൂടുതൽ | പ്രഥമം |
| 4/364/D | വിജയൻ.കെ<br>വേങ്ങനിന്നവിള വീട്,<br>ഉൂങ്ങാംപ്പാറ,കണ്ടല | കണ്ടല കാലായ് വിട്ട്<br>ഇടവഴി | 5 മീറ്ററോ അതിൽ<br>കൂടുതൽ | ദ്വിതീയം |
| 4/366/B | വില്ല്യം പ്രസാദ്.കെ<br>എബി വില്ല,<br>വലിയവിള,ഉൂങ്ങാംപ്പാറ<br>കണ്ടല.പി.ഒ | കണ്ടല കാലായ് വിട്ട്<br>ഇടവഴി | 5 മീറ്ററോ അതിൽ<br>കൂടുതൽ | പ്രഥമം |
| 4/442/A | മോഹനൻ.കെ<br>വിഷ്ണു ഭവൻ.ഞാറതലയ്ക്കൽ<br>അംബേദ്ക്കർ കോളനി,ഉൂങ്ങാംപ്പാറ | കണ്ടല കാലായ് വിട്ട്<br>ഇടവഴി | 1.5 മീറ്ററോ അതിൽ<br>കൂടുതൽ | പ്രഥമം |
| 4/447/B | റെജി.സി.<br>ചിത്തിരഭവൻ<br>പുളിമൂട്,കരിങ്ങൽ,കണ്ടല | കണ്ടല കാലായ് വിട്ട്<br>ഇടവഴി | 1.5 മീറ്ററോ അതിൽ<br>കൂടുതൽ | ദ്വിതീയം |

ഇത്തരത്തിൽ വസ്തു നികുതി നിർണ്ണയിക്കുന്നതിനായി മേഖലാ നിർണയം നടത്തിയതിലെ പൊരുത്തക്കേടുകൾക്ക് നൽകിയ ഓഡിറ്റ് എൻക്വയറി നം. 13/22 നുള്ള മറുപടിയിൽ മേൽ പരാമർശിച്ചിട്ടുള്ള കെട്ടിടങ്ങൾ ഒരിക്കൽകൂടി സ്ഥലപരിശോധന നടത്തി ഏതു മേഖലയിലാണ് ഉൾപ്പെടുന്നതെന്ന് കണ്ടെത്തി അവശ്യമായ ഭേദഗതികൾ വരുത്തുന്നതാണെന്ന് അറിയിച്ചിരിക്കുന്നു.

മേൽ സൂചിപ്പിച്ച കെട്ടിടങ്ങൾ മാത്രമല്ല ഇത്തരത്തിൽപ്പെട്ട എല്ലാ കെട്ടിടങ്ങളെയും കണ്ടെത്തി കൃത്യമായ മേഖല നിർണ്ണയം നടത്തേണ്ടതാണ്.

2. മൊബൈൽ ടവറുകളിൽ നിന്നും വസ്തു നികുതി ഈടാക്കിയിട്ടില്ല

ചുവടെ ചേർക്കുന്ന മൊബൈൽ ടവറുകളിൽ നിന്നും വസ്തു നികുതി ഈടാക്കിയിട്ടില്ല.

| വാർഡ്നം/കെട്ടിട നം. | ഉടമസ്ഥന്റെ വിവരം | അടവാക്കുവാനുള്ള കാലയളവ് |
|---|---|---|
| 10/156/C | Tower Vision India Pvt Ltd | 2013-14 മുതൽ 2017-18 വരെയുള്ള കുടിശ്ശിക തുക |
| 8/408/A | Idea Mobile Communications Ltd | 2020-21 Ist Half & II Nd Half |
| 8/708/B | Indus Towers Ltd | 2013-14 മുതൽ നാളിതുവരെയുള്ള തുക |
| 5/455/A | Reliance Infratel Ltd | 2019-20 മുതൽ നാളിതുവരെയുള്ള തുക |
| 3/47/A | Bharathi Infratel Ltd | 2019-20 മുതൽ നാളിതുവരെയുള്ള തുക |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം .8/22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

മൊബൈൽ ടവറുകളിൽ നിന്നും വസ്തു നികുതി ഈടാക്കി തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

3. വസ്തു നികുതി നിർണയം -ഫയലിൽ മുഴുവൻ രേഖകളും ഉൾപ്പെടുത്തിയിട്ടില്ല.

2011-ലെ കേരള പഞ്ചായത്ത്‌രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 11(1) (2) എന്നിവ പ്രകാരം ഓരോ കെട്ടിടത്തിന്റെയും ഉടമ തന്റെ കെട്ടിടത്തെ സംബന്ധിച്ച എല്ലാ വിവരങ്ങളടങ്ങിയതും അവ സത്യമാണെന്ന് സ്വയം സാക്ഷ്യപ്പെടുത്തുന്നതുമായ വസ്തു നികുതി റിട്ടേൺ 10 -ാം ചട്ടം രണ്ടാം ഉപചട്ടം പ്രകാരം സെക്രട്ടറി പ്രസിദ്ധീകരിക്കുന്ന നോട്ടീസിൽ ആവശ്യപ്പെടുന്ന സമയപരിധിക്കകം സെക്രട്ടറി അല്ലെങ്കിൽ സെക്രട്ടറി അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ മുൻപാകെ ഫാറം 2 ൽ സമർപ്പിക്കേണ്ടതാണ്. പ്രസ്തുത ചട്ടത്തിലെ ചട്ടം 12 (4) അനുശാസിക്കും പ്രകാരം കെട്ടിട ഉടമ വസ്തു നികുതി റിട്ടേൺ സമർപ്പിച്ച സംഗതിയിൽ സെക്രട്ടറി/അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ ആറ് മാസത്തിനകം സ്ഥലം സന്ദർശിച്ച് ഭൂപ്രദേശത്തിന്റെ അടിസ്ഥാനത്തിൽ പ്രാഥമികം, ദ്വിതീയം, തൃതീയം എന്നിവയുടെ വിവരങ്ങളും കെട്ടിടത്തിന്റെ മേൽക്കൂരയുടെ തരം, തറയുടെ തരം, കെട്ടിടത്തിന്റെ കാലപ്പഴക്കം എന്നിവയുടെ കൃത്യതയും ഉറപ്പാക്കി ആവശ്യമായ വിവരങ്ങൾ ഫോറം നമ്പർ 6 ൽ രേഖപ്പെടുത്തേണ്ടതുമാണ്. ഇതിന്റെ അടിസ്ഥാനത്തിലാണ് വസ്തു നികുതി നിർണ്ണയം നടത്തി വിവരം അസസ്മെന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തി സഞ്ചയ സോഫ്റ്റ്‌വെയറിൽ Updation നടത്തേണ്ടത്.

എന്നാൽ ഗ്രാമപഞ്ചായത്തിലെ പെർമിറ്റ് , നമ്പറിംഗ് എന്നിവയുടെ ഏതാനും അപേക്ഷകൾ പരിശോധിച്ചതിൽ മേൽ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.കൂടാതെ ഫോം 2 ഫയലിൽ ലഭ്യമല്ല.പണി പൂർത്തീകരിച്ചതിന്റെ കംപ്ലീഷൻ പ്ലാൻ മാത്രമാണ് മിക്കവയിലും ലഭ്യമാക്കിയിരിക്കുന്നത്.വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഉടമസ്ഥന്റെ പേര് വിവരം | വാർഡ് നം. |
|---|---|---|
| 1 | അനി.എൽ & സുജ.എസ്.ആർ<br>തലനിരപുത്തൻ വീട്,<br>വെള്ളൂർക്കോണം,ഊരൂട്ടമ്പലം | 20 |
| 2 | ജമാലുദ്ദീൻ & ആബിദാബീവി,<br>കയ്യപ്പള്ളി വീട്,കണ്ടല | 19 |
| 3 | ജയകൃഷ്ണൻ.കെ,തലനിരപുത്തൻ വീട്,<br>വെള്ളൂർക്കോണം,ഊരൂട്ടമ്പലം | 20 |
| 4 | വിജയകുമാരി.റ്റി, ചിത്തിര,അരുവിയോട്,കണ്ടല | 5 |
| 5 | ഗോപിക,കൈലാസം,അരുവിയോട്,കണ്ടല | 5 |
| 6 | കൃഷ്ണൻ, വസന്തം,ചീനിവിള,കുവളശ്ശേരി | 19 |
| 7 | എം.രാധാകൃഷ്ണൻ,ദീപ വിലാസം,ആയില്യംക്കാവ് റോഡ്,പള്ളിച്ചൽ | 16 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 19/22 നുള്ള മറുപടിയിൽ 2020-21 സാമ്പത്തിക വർഷത്തിലെ ഏതാനും ഫയലുകളിൽ ഫോമുകൾ അറ്റാച്ച് ചെയ്തിട്ടില്ലായെന്നും നിലവിൽ എല്ലാ ഫയലുകളിലും പ്രസ്തുത രേഖകൾ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും അറിയിച്ചിരിക്കുന്നു

ഫയലുകൾ കൈകാര്യം ചെയ്യുമ്പോൾ ആവശ്യമായ എല്ലാ രേഖകളും ഉൾപ്പെടുത്തുവാൻ ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്.

4വസ്തു നികുതി നിർണ്ണയം-നികുതി പരിഷ്കരണം - നടപ്പിലാക്കിയിട്ടില്ല.

മാറനല്ലൂർ ഗ്രാമപഞ്ചായത്തിലെ നികുതി വരവുകൾ അടിസ്ഥാന നികുതി നിരക്കിന്റെ മിനിമത്തിലാണ് വർഷങ്ങളായി ഈടാക്കി വരുന്നത്.തനതു വരുമാനം കുറവായ ഗ്രാമപഞ്ചായത്തിന്റെ വസ്തു നികുതി നിരക്കുകൾ കാലോചിതമായി വർദ്ധിപ്പിക്കുന്നതിനു പഞ്ചായത്ത് നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി നം 12/22 പ്രകാരം ആവശ്യപ്പെട്ടുവെങ്കിലും ആയതിനു മറുപടി ഹാജരാക്കിയിട്ടില്ല.

5.വസ്തു നികുതി- നികുതി ഇളവ് നൽകാത്ത കെട്ടിടങ്ങൾക്ക് നികുതി നിർണയം നടത്തിയിട്ടില്ല

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 3 പ്രകാരം 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, 207-ാം വകുപ്പ് പ്രകാരം വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്ത ഓരോ കെട്ടിടത്തിനും 203-ാം വകുപ്പ് പ്രകാരവും ചട്ടങ്ങൾ പ്രകാരവും സെക്രട്ടറി വസ്തു നികുതി ചുമത്തേണ്ടതാണ്. എന്നാൽ സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ വാർഡ് 6,8എന്നിവയിൽ മേൽ വകുപ്പ് പ്രകാരം നികുതി ഇളവ് നൽകാത്ത കെട്ടിടങ്ങൾക്ക് നാളിതുവരെയും നികുതി നിർണയം നടത്തിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | വാർഡ് നം /കെട്ടിട നം | ഉടമസ്ഥന്റെ പേര് | കെട്ടിടത്തിന്റെ വിസ്തീർണം | കെട്ടിടത്തിന്റെ ഉപയോഗക്രമം |
|---|---|---|---|---|
| 1 | 8/10 | രാജൻ,<br>ആർ.വി.നിവാസ് | 105 ച.മി | പാർപ്പിടാവശ്യം |

| | | | | |
|---|---|---|---|---|
| | | പോങ്ങുംമൂട്,കുവളശ്ശേരി | | |
| 2 | 8/688 | ബി.വസുമതി,പറമ്പിൽ വീട്,ഇടവഴിച്ചാൽ | 63 ച.മി | പാർപ്പിടാവശ്യം |
| 3 | 6/26 | കെ.സുരേഷ്കുമാർ,രശ്മിണി ഭവൻ,കരിങ്ങൽ | 69ച.മി | പാർപ്പിടാവശ്യം |
| 4 | 6/32 | കൃഷ്ണൻ നായർ .എസ്, ചമയം | 77ച.മി | പാർപ്പിടാവശ്യം |
| 5 | 6/107 | തങ്കമണി, പ്രീതാഭവൻ | 76ച.മി | പാർപ്പിടാവശ്യം |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 29/22 ന മറുപടി ലഭ്യമാക്കിയിട്ടില്ല.

വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്ത ഓരോ കെട്ടിടത്തിനും 203-ാം വകുപ്പ് പ്രകാരവും ചട്ടങ്ങൾ പ്രകാരവും സെക്രട്ടറി വസ്തു നികുതി ചുമത്തേണ്ടതാണ്.

## 1-12 കോവിഡ് -19 പ്രതിരോധ / നിർവ്യാപന പ്രവർത്തനങ്ങൾ -അവലോകനം

തദ്ദേശസ്വയംഭരണവകുപ്പിന്റെ 4/12/2019 ലെ ഉത്തരവ് നമ്പർ (കൈ) 156/2019, തദ്ദേശസ്വയംഭരണ വകുപ്പിന്റെ 14/1/2020ലെ ഉത്തരവ് നമ്പർ (കൈ) 14/2020 എന്നിവയിലെ നിർദ്ദേശങ്ങൾക്ക് അനുസൃതമായുള്ള പ്രവർത്തനങ്ങൾ, ലഭ്യമായതും ചെലവായതുമായ തുകയുടെ അക്കൗണ്ടിംഗ് എന്നിവയുടെ വിവരങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 3/2021 നുള്ള മറുപടി സഹിതം ചുവടെ ചേർക്കുന്നു.

| സർക്കാർ ഉത്തരവ് | പ്രവർത്തനം | പഞ്ചായത്തിലെ പ്രവർത്തനം |
|---|---|---|
| സ.ഉ.(കൈ)55/2020/ ത.സ്വ.ഭ.വ/ 20.03.2020 | വാർഡ് തല ഹെൽത്ത് കമ്മിറ്റികൾ, Emergency Response Team, ആരോഗ്യ ജാഗ്രതാ സമിതികൾ എന്നിവയുടെ പ്രവർത്തനം കാര്യക്ഷമമാക്കൽ സംബന്ധിച്ച് | 21 വാർഡുകളിലായി Emergency Response Team രൂപീകരിച്ചിട്ടുണ്ട്.<br>എന്നാൽ ഇതു സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. |
| സ.ഉ(സാധ)1364/2020 /ത.സ്വ.ഭ.വ.16.07.2020 | സി.എഫ്.എൽ.ടി.സി. കളുടെ രൂപീകരണവും നടത്തിപ്പും വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ. ഇവയുടെ നടത്തിപ്പിനായി നിർദ്ദിഷ്ടഘടനയിൽ പ്രത്യേക മാനേജിങ്ങ് കമ്മറ്റി രൂപീകരിക്കേണ്ടതാണ്. | പഞ്ചായത്തിന്റെ കീഴിൽ സി.എഫ്.എൽ.ടി.സി ഇല്ലാത്തതിനാൽ മാനേജിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടില്ല. |

| | | |
|---|---|---|
| | | |
| സ.ഉ(സാധ)1364/2020/ത.സ്വ.ഭ.വ. 16.07.2020 | സി.എഫ്.എൽ.ടി.സി.യുടെ പ്രവർത്തനത്തിനായുള്ള സാമ്പത്തികം അവ തുടങ്ങുവാനുള്ള നടപടികൾ ആരംഭിച്ച വിവരം ജില്ലാ ദുരന്തനിവാരണ അതോറിറ്റി (DDMA) യെ അറിയിക്കുന്ന മുറയ്ക്ക് നിർണ്ണയിക്കപ്പെട്ടിട്ടുള്ള നിരക്കിൽ തുക DDMA തദ്ദേശഭരണസ്ഥാപനങ്ങൾക്ക് നൽകുകയും ദൈനംദിന പ്രവർത്തനങ്ങൾക്കാവശ്യമായ തുക മാനേജ്മെന്റ് കമ്മിറ്റിയുടെ ജോയിന്റ് അക്കൗണ്ടിലേക്ക് കൈമാറുകയും ചെയ്യേണ്ടതാണ്. | ജില്ലാ ദുരന്തനിവാരണ അതോറിറ്റി (DDMA)യിൽ നിന്നും തുകകളെന്നും ലഭിച്ചിട്ടില്ല. അതിനാൽ ബാങ്ക് അക്കൗണ്ട് ആരംഭിച്ചിട്ടുമില്ല. |
| സ.ഉ(സാധ)713/2020/ത.സ്വ.ഭ.വ/26.03.20 -കമ്മ്യൂണിറ്റി കിച്ചൻ | തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുമായി ഒത്തു ചേർന്ന് കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ കമ്മ്യൂണിറ്റി കിച്ചണുകൾ ആരംഭിക്കണം. | സ്ഥാപനത്തിന്റെ ആഭിമുഖ്യത്തിൽ ഒരു കമ്മ്യൂണിറ്റി കിച്ചൻ ആരംഭിച്ചു.കമ്മ്യൂണിറ്റി കിച്ചണിനു തുകകൾ സംഭാവനയായി ലഭിച്ചില്ല.ഭക്ഷ്യവസ്തുക്കളാണ് സംഭാവനയായി ലഭിച്ചത്.കമ്മ്യൂണിറ്റി കിച്ചനു 98470/- രൂപയാണ് ചെലവായത്.എന്നാൽ വരവ് - ചെലവ് തുകകൾ രജിസ്റ്ററിൽ എഴുതി സൂക്ഷിച്ചിട്ടില്ല. |

കോവിഡ് രോഗികൾക്കും കോവിഡ് നിരീക്ഷണത്തിലുള്ളവർക്കും പഞ്ചായത്ത് തലത്തിൽ വാങ്ങിയ സാധനസാമഗ്രികളുടെ രജിസ്റ്റർ പരിശോധനയ്ക്കായി ലഭ്യമാക്കി.covid 19 പ്രതിരോധ പ്രവർത്തനങ്ങൾക്കായി ആര്യോഗ്യ പ്രവർത്തകരേയും ശുചീകരണ തൊഴിലാളികളെയും 2020-21 കാലയളവിൽ നിയമിച്ചിട്ടില്ല.

## 1-13 കടമുറി വാടക ഈടാക്കിയിട്ടില്ല.

പഞ്ചായത്ത് വക കടമുറി വാടകയ്ക്ക് നൽകിയതിന്റെ രജിസ്റ്റർ, മറ്റ് വിശദാംശങ്ങൾ എന്നിവ പരിശോധിച്ചതിൽ ചുവടെ വിവരിക്കുന്നയാളിൽ നിന്നും 2020-21 വർഷം വാടക ഈടാക്കിയിട്ടില്ല എന്നു കാണുന്നു.

പേര് :ഡി.അജികുമാർ കിളി കോട്ടുകോണം, കുളത്തിൻ കര വീട്

1. കടമുറി - XVIII 467

മാസവാടക- 1950/-

2. കടമുറി - XVIII 469

മാസവാടക- 1700/-

പ്രസ്തുത വിഷയം സംബന്ധിച്ച് നല്കിയ എൻക്വയറി നം.33 ന് മറുപടി ലഭ്യമായിട്ടില്ല. പഞ്ചായത്തിന്റെ തനത് വരുമാനത്തിൽ പ്രധാന പങ്ക് വഹിക്കുന്ന വാടകയിനത്തിൽ വരുമാന ശോഷണം സംഭവിക്കാതിരിക്കാൻ ഭരണസമിതിയും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ശ്രദ്ധിക്കേണ്ടതാണ്.

## 1-14 പദ്ധതി മാർഗ്ഗരേഖക്ക് വിരുദ്ധമായി-ലാപ്ടോപ്പ് വിതരണം

| | |
|---|---|
| പദ്ധതി | പട്ടികജാതി വിദ്യാർഥികൾക്ക് ലാപ്പ്ടോപ്പ് വാങ്ങൽ |
| പദ്ധതി നമ്പർ | SO301/20-21 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ, ഗവ.എൽ.പി.സ്കൂൾ പൂന്നാവൂർ, അരുവിക്കര |
| അടങ്കൽ | 2,30,000/- |
| ചെലവ് | 1,90,750/-രൂപ |
| ബിൽ നമ്പർ, തീയതി, തുക | 4/20-21/09.02.21 –1,90,750/- |

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ 2018-19 മുതൽ 2021-22 വരെയുള്ള വർഷങ്ങളിലെ സബ്സിഡി-ധനസഹായങ്ങൾക്കുള്ള മാർഗ്ഗരേഖ -സ.ഉ(കൈ)നം.22/2018/തസ്വഭവ തീയതി 14.20.2018 ഖ.7.2.8 പ്രകാരം ബിരുദം, ബിരുദാനന്തര ബിരുദം,ഡിപ്ലമോ,എഞ്ചിനീയറിംഗ് മെഡിക്കൽ മുതലായ കോഴ്സുകൾക്ക് പഠിക്കുന്ന പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കാണ് ആനൂകൂല്യത്തിന് അർഹത.എന്നാൽ 2020-21 സാമ്പത്തിക വർഷം ഹെഡ്മാസ്റ്റർ,ഗവ.എൽ.പി സ്കൂൾ നിർവ്വഹണം നടത്തിയ "പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വാങ്ങൽ" പദ്ധതിയിൽ പദ്ധതി കാലയളവിന് മുമ്പ് അതായത് 2019-20 ൽ ബിരുദ പഠനം പൂർത്തിയാക്കിയ സജിത്ത് എസ്.കെ, (സജിത്ത് നിവാസ്,കൃഷ്ണനഗർ,പുന്നവൂർ,അരുവിക്കര വാർഡ്)എന്ന ബിരുദ വിദ്യാർത്ഥിക്ക് ലാപ്ടോപ്പ് നൽകിയിട്ടുണ്ട്.ബി.എസ്.സി (സുവോളജി) അവസാന വർഷം 2018-19 ൽ പൂർത്തീകരിച്ചിട്ടുള്ളതായി സ്ഥാപന മേധാവിയുടെ 3.1.2020 ലെ പഠന സാക്ഷ്യപത്രത്തിൽ വ്യക്തമാക്കിയിട്ടുണ്ട്.ടി വിഷയത്തിന്മേൽ വിശദീകരണം ലഭ്യമാക്കാൻ 08.02.2022 ൽ നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പ് നം.15 ന് അപേക്ഷ സമർപ്പിച്ച സമയത്ത് കോഴ്സ് നടന്നു കൊണ്ടിരുന്നതിനാലും 2019-20 ലെ ലിസ്റ്റിൽ ഉൾപ്പെട്ട ഗുണഭോക്താക്കളെ 2020-21 ൽ ഈ ആനുകൂല്യത്തിന് പരിഗണിക്കാൻ പഞ്ചായത്ത് കമ്മിറ്റി തീരുമാനം ഉണ്ടായിരുന്നുവെന്നുമുള്ള മറുപടിയാണ് എച്ച്.എം. നൽകിയിട്ടുള്ളത്.ഭാവിയിൽ പദ്ധതി നടപ്പാക്കുമ്പോൾ ഇത്തരം അപാകതകൾ സംഭവിക്കാതിരിക്കാനും പദ്ധതി കാലയളവിൽ പഠനം തുടരുന്ന വിദ്യാർത്ഥികൾക്ക് തന്നെയാണ് ആനുകൂല്യം ലഭ്യമായിട്ടുള്ളതെന്ന് മോണിറ്ററിംഗ് കമ്മിറ്റി ഉറപ്പ് വരുത്തേണ്ടതുമാണ്.ടി വിഷയത്തിൽ ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റിയുടേയും ഭരണസമിതിയുടേയും ശ്രദ്ധ ക്ഷണിക്കുന്നു.

## 1-15 പച്ചക്കറി കൃഷി ടെറസ്സിലും മുറ്റത്തും-മാർഗ്ഗരേഖ പാലിക്കുന്നില്ല- 200000/- രൂപ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പദ്ധതി | പച്ചക്കറി കൃഷി ടെറസ്സിലും മുറ്റത്തും (വനിത) |
| പദ്ധതി നമ്പർ | 38/20-21 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| അടങ്കൽ | 2,00,000/- (വികസനഫണ്ട്) |
| ചെലവ് | 2,00,000/-രൂപ |

| | |
|---|---|
| ബിൽ നമ്പർ, തീയതി, തുക | 12/20-21/31.12..2020 –1,50,000/-<br>ഗു.ഭോ.വിഹിതം - 50,000/- |

പ്രസ്തുത പദ്ധതി പ്രകാരം 100 ഗുണഭോക്താക്കൾക്ക് 75% പോട്ടിംഗ് മിശ്രിതം നിറച്ച 10 ഇഞ്ച് വലിപ്പമുള്ള ഗ്രോബാഗ് വാങ്ങി തൈ ഉൾപ്പെടെ നൽകണം എന്നതാണ് പ്രോജക്ട് വിഭാവനം ചെയ്തിരുന്നത്. മാർഗ്ഗരേഖ പ്രകാരം സ്ഥല വിസ്തൃതി കണക്കിലെടുത്ത് ഒരു കുടുംബത്തിന് പരമാവധി 25 മൺചട്ടി/ഗ്രോബാഗ് വരെ നൽകേണ്ടതും ലഭിച്ചവർക്ക് വീണ്ടും നൽകാൻ പാടില്ലാത്തതുമാണ്. ഈയിനത്തിൽ വികസനഫണ്ടിൽ നിന്നും 200000/- രൂപ ചെലവുണ്ട്. എന്നാൽ ടി പദ്ധതിയുമായി ബന്ധപ്പെട്ട ചെലവിന് ആധാരമായ വൌച്ചറുകൾ/ കൈപ്പറ്റ് രസീത്/ക്യാഷ് വൌച്ചറുകൾ,ഗ്രോബാഗ് വാങ്ങിയ വിവരം, ലഭിച്ച ഗുണഭോക്താക്കളുടെ കൈപ്പറ്റ് രസീത് എന്നിവ ഹാജരാക്കിയിട്ടില്ല. 10.02.2022 ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം.28 ന് മറുപടി ലഭ്യമാക്കിയിട്ടുമില്ല. ചെലവിനാധാരമായ രേഖകൾ ഹാജരാക്കാത്ത സാഹചര്യത്തിൽ ടി ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-16 കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും ലഭ്യമാകുന്നതിൽ കാലാതാമസം

| | |
|---|---|
| പദ്ധതി | കൃഷി ഓഫീസിലേക്ക് കമ്പ്യൂട്ടറും പ്രിന്ററും വാങ്ങൽ |
| പദ്ധതി നമ്പർ | SO301/20-21 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| അടങ്കൽ | 57,000/- |
| ചെലവ് | 55,320/-രൂപ |
| ബിൽ നമ്പർ, തീയതി, തുക | 4/20-21/20.04.2020 –55,320/- |

സർക്കാർ വകുപ്പുകൾ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും കേരള സർക്കാരിന്റെ ഓൺലൈൻ പോർട്ടൽ - സെൻട്രലൈസ്ഡ് പ്രൊക്യൂർമെൻറ് &റേറ്റ് കോൺട്രാക്ട് സിസ്റ്റം (സി.പി.ആർ.സി.എസ്) മുഖേന വാങ്ങേണ്ടതാണെന്ന നിബന്ധന ഉൾപ്പെടുത്തി സ്റ്റോർ പർച്ചേഴ്സ് മാന്വലിൽ ഖ.7.52 കൂട്ടിച്ചേർത്തിട്ടുണ്ട്. ഒരു കമ്പ്യൂട്ടറും ഒരു പ്രിന്ററും ലഭ്യമാക്കുന്നതിനായി 55,320/- രൂപ 11.04.2020ൽ കെൽട്രോണിന് നൽകിയിരുന്നുവെങ്കിലും നാളിതുവരെ ടി ഉപകരണങ്ങൾ ലഭ്യമാക്കുകയോ,പണം തിരികെ ഒടുക്കുകയോ ചെയ്തിട്ടില്ല. ഇക്കാര്യത്തിൽ വിശദീകരണം ആവശ്യപ്പെട്ട് 10.02.202 ൽ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.27 ന് കെൽട്രോണിന് കമ്പ്യൂട്ടറും പ്രിന്ററും യഥാസമയം നൽകുവാൻ സാധിക്കാത്തതിനാൽ പണം തിരികെ നൽകുന്നതിന് ഓൺലൈൻ മുഖേന കത്ത് നൽകിയിട്ടുണ്ട് എന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. നാളിതുവരെ കമ്പ്യൂട്ടറും പ്രിന്ററും ലഭ്യമാക്കാത്ത സാഹചര്യത്തിൽ ടി തുക പലിശ സഹിതം കെൽട്രോണിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്ക് വരുത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയും ഭരണസമിതിയും സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-17 അംഗൻവാടികളിലെ ഭൗതികസൗകര്യങ്ങൾ അപര്യാപ്തം-പരിഹരിക്കേണ്ടതാണ്

ഗ്രാമപഞ്ചായത്തിൽ ആകെ 41 അങ്കണവാടികൾ പ്രവർത്തിക്കുന്നുണ്ട്. സർക്കാർ ഉത്തരവ് നം.1830/2017/ തസ്വഭവ തീയതി 02.06.2017 ഖണ്ഡിക 3.2.1,3.2.2,3.2.3,3.4.2,3.4.3 എന്നിവ അനുശാസിക്കും പ്രകാരം അങ്കണവാടികളുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.30/22ന് ഐ.സി.ഡി.എസ് സൂപ്പർവൈസർ ലഭ്യമാക്കിയ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | അപാകം | എണ്ണം |
|---|---|---|
| 1 | സ്വന്തമായി കെട്ടിടം ഇല്ലാത്തവ | 16 |
| 2 | വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നവ | 16 |
| 3 | സ്വന്തമായി സ്ഥലം ഉണ്ടായിട്ടും കെട്ടിടം ഇല്ലാത്തവ | 5 |

| | | |
|---|---|---|
| 4 | ചുറ്റുമതിൽ ഇല്ലാത്തവ | 11 |
| 5 | ഓട്ടോമാറ്റിക്ക് ഗേറ്റ് ഇല്ലാത്തവ | 41 |
| 6 | റോഡിന് സമീപത്ത് അല്ലാത്തവ | 6 |
| 7 | ഭിന്നശേഷിക്കാർക്കായി റാമ്പ് ഇല്ലാത്തവ | 39 |
| 8 | ശിശു സൗഹാർദ്ദ പെയിൻറിംഗ് ഇല്ലാത്തവ | 39 |
| 9 | നെയിംബോർഡ് ഇല്ലാത്തവ | 41 |
| 10 | വാട്ടർ പ്യൂരിഫൈയർ ഇല്ലാത്തവ | 25 |
| 11 | കുടിവെള്ള സൗകര്യം ഇല്ലാത്തവ | 15 |
| 12 | നോട്ടീസ് ബോർഡ് ഇല്ലാത്തവ | 13 |
| 13 | ഒരോ കുട്ടിക്കും ബേബി ചെയറും മേശയും ഇല്ലാത്തവ | 41 |
| 14 | ക്ളോക്ക്,ബെൽ,ഫോൺ,ഫാൻ,അലമാര ഫയൽ റാക്ക് ഇല്ലാത്തവ | 17 |
| 15 | ശിശു സൗഹൃദ ശുചിമുറിയില്ലാത്തവ | 39 |
| 16 | ആവശ്യമായ പാത്രങ്ങൾ ഇല്ലാത്തവ | 8 |
| 17 | കളിസ്ഥലം ഇല്ലാത്തവ | 13 |
| 18 | മൂന്ന് മുറി എങ്കിലും ഇല്ലാത്തവ | 16 |

വികസനരേഖ പ്രകാരം അങ്കണവാടികൾക്ക് പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനും വൈദ്യുതി, വെള്ളം, ഫർണിച്ചർ തുടങ്ങിയ ഭൗതിക സാഹചര്യങ്ങൾ ഒരുക്കേണ്ടതാണെന്നും പരാമർശിച്ചിട്ടുണ്ട്. എന്നാൽ അങ്കണവാടികളിൽ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കിയിട്ടില്ല. പ്രസ്തുത സർക്കാർ ഉത്തരവ് ഖണ്ഡിക 4.2.1 പ്രകാരം ക്ഷേമകാര്യ സ്റ്റാൻറിംഗ് കമ്മിറ്റി പദ്ധതികളുടെ നിർവ്വഹണം, അങ്കണവാടികളുടെ പ്രവർത്തനം എന്നിവ മോണിറ്റർ ചെയ്യുകയും ഭാവിയിലെ വികസനത്തിനായി പദ്ധതികൾ തയ്യാറാക്കുകയും അങ്കണവാടികളിലെ ഭൗതിക സാഹചര്യങ്ങളുടെ അപര്യപ്തത പരിഹരിക്കുകയും ചെയ്യണം. മേൽ പട്ടിക പ്രകാരം ഗ്രാമപഞ്ചായത്തുകളിലെ അങ്കണവാടികളിൽ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തേണ്ടതുണ്ടെന്ന് വ്യക്തമാണ്. കുടിവെള്ളം പോലുള്ള അടിസ്ഥാന സൗകര്യങ്ങളില്ലാത്ത അങ്കണവാടികൾ ഉണ്ടെന്നത് ഗുരുതരമായ പ്രശ്നമാണ്.

ആയതിനാൽ അംഗൻവാടികളിൽ ഭൗതിക സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് വേണ്ട അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. പ്രസ്തുത വിഷയത്തിൽ ഭരണസമിതിയുടെയും ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 1-18 മിനിമാസ്റ്റ് പ്രവർത്തന ക്ഷമമാക്കുന്നതിന് തുടർ നടപടികൾ അനിവാര്യം

| | |
|---|---|
| പ്രോജക്ടിന്റെ പേര് | തെരുവ് വിളക്കുകളുടെ പരിപാലനം (മിനിമാസ്റ്റ് സ്ഥാപിക്കൽ) |
| പ്രോജക്ട് നം. | 136/21 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ തുക | 2250000/- (ധനകാര്യകമ്മിഷൻ അവാർഡ്) |
| ചെലവ് തുക | 2089116 |
| ബിൽനം./തീയതി | 34/20-21 ,13.03.21 |

സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നും 2020- 21 വർഷത്തിൽ 14 മിനിമാസ്റ്റ് വിളക്കുകൾ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്ഥാപിക്കുകയുണ്ടായി.

പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് 10.02.2022-ൽ ഓഡിറ്റ് ടീം, പഞ്ചായത്ത് ഉദ്യോഗസ്ഥരോടൊപ്പം നടത്തിയ

സംയുക്ത സ്ഥലപരിശോധനയിൽ 2എണ്ണം പൂർണമായും , 3 എണ്ണം ഭാഗികമായും പ്രവർത്തനക്ഷമമല്ലെന്ന് ബോധ്യപ്പെട്ടു. വിശദാംശങ്ങൾ താഴെ.

| വാർഡിന്റെ പേര് | പ്രവർത്തനക്ഷമമല്ലാത്തവ | |
|---|---|---|
| | പൂർണമായി | ഭാഗികമായി |
| കിളിക്കോട്ടുകോണം | 1 | |
| കുവളശ്ശേരി | 1 | |
| മേലാരിയോട് | | 2 |
| ചീനിവിള | | 1 |

നിർവ്വഹണ ഏജൻസിയുമായുള്ള 06.07.2020 തീയതിയിലെ കരാർ പ്രകാരം 3 വർഷം വാറന്റി ഉറപ്പ് നൽകിയിട്ടുള്ളതാണ്. മറ്റ് സ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുള്ള മിനിമാസ്റ്റിന്റെ പ്രവർത്തനം സംബന്ധിച്ച് പഞ്ചായത്ത് പരിശോധന നടത്തേണ്ടതും പ്രവർത്തനക്ഷമമല്ലാത്തവ വാറന്റി കാലയളവിനുള്ളിൽ പ്രവർത്തനക്ഷമമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-19 ഭവനനിർമ്മാണം, കക്കൂസ് മെയിന്റനൻസ് - പദ്ധതി നിർവ്വഹണത്തിലെ പാളിച്ചകൾ

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| പദ്ധതി നമ്പർ | 224 |
| പദ്ധതിയുടെ പേര് | കക്കൂസ് മെയിന്റനൻസ് സ്പിൽ ഓവർ |
| അടങ്കൽ തുക | 1,66,320 |
| ചെലവ് തുക | 1,66,320ന |
| ഫണ്ടിനം | തനതു ഫണ്ട് |

| | |
|---|---|
| പദ്ധതി നമ്പർ | 182 |
| പദ്ധതിയുടെ പേര് | ഭവന പുനരുദ്ധാരണം (എസ്.സി.പി.)<br>സ്പിൽ ഓവർ |
| അടങ്കൽ തുക | 19,50,000/- |

| | |
|---|---|
| ചെലവ് തുക | 16,50,000/- |
| ഫണ്ടിനം | വികസന ഫണ്ട് (എസ്.സി.പി) |

മേൽ പദ്ധതികളുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ, ഗുണഭോക്താക്കളിൽ നിന്ന് ലഭിച്ച അപേക്ഷകളിൽ ചുവടെ വിവരിക്കുന്ന രേഖകൾ ഇല്ലാതെ നിരവധി പേർക്ക് ആനുകൂല്യം നൽകിയതായി കാണുന്നു.

1. വാർഡ് മെമ്പറുടെ ശുപാർശ

2. വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറുടെ റിപ്പോർട്ട്

3. പൂർണ്ണമായി പൂരിപ്പിച്ച് ഒപ്പ് വച്ച കരാർ

4. വാല്യുവേഷൻ സർട്ടിഫിക്കറ്റ്

5.സബ്സിഡി അനുവദിക്കുന്നതിനുള്ള അപേക്ഷ

6.മോണിറ്ററിംഗ് റിപ്പോർട്ട്

7.നിർവ്വഹണ ഉദ്യോഗസ്ഥന്റെ സർട്ടിഫിക്കറ്റ്

പദ്ധതി നിർവ്വഹണം സംബന്ധിച്ച സർക്കാർ ഉത്തരവുകളും, മാർഗ്ഗനിർദ്ദേശങ്ങളും കർശനമായി പാലിക്കേണ്ടതും, രേഖകൾ കൃത്യമായി ഫയലിൽ സൂക്ഷിക്കേണ്ടതുമാണ്.

## 1-20 പൊതുടാപ്പുകളുടെ പ്രതിമാസ ചാർജ്ജ് അടയ്ക്കൽ-സംയുക്ത പരിശോധന നടത്തേണ്ടത് അനിവാര്യം

വാട്ടർ അതോറിറ്റിയുടെ ഡിമാന്റ് നോട്ടീസ് പ്രകാരം 461 വാട്ടർടാപ്പുകൾക്കാണ് പ്രതിമാസം വെള്ളക്കരം കണക്കാക്കിയിട്ടുള്ളത്.ജി.ഒ.(ആർ.ടി)2242/2011/ത.സ്വ.ഭ.വ/ 28.09.2011 പ്രകാരം തദ്ദേശ ഭരണ സ്ഥാപനങ്ങൾ വാട്ടർ അതോറിറ്റിയുമായി ചേർന്ന് വാട്ടർ ടാപ്പുകളുടെ സംയുക്ത പരിശോധന നടത്തേണ്ടതാണ്. ആയതിന്റെ അടിസ്ഥാനത്തിലാണ് വെള്ളക്കരം അടവാക്കേണ്ടത്. ഇപ്രകാരമുള്ള സംയുക്ത പരിശോധന നടത്തിയതിന്റെ വിവരം, തെരുവ് ടാപ്പുകളുടെ രജിസ്റ്റർ, പഞ്ചായത്ത് പരിധിയിൽ ആകെ എത്ര തെരുവ് ടാപ്പുകളുണ്ട് എന്നീ വിവരങ്ങൾ ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം-09/2022 -ന് ലഭ്യമാക്കിയ മറുപടിയിൽ അടിയന്തിരമായി വാട്ടർ അതോറിറ്റിയുമായി സംയുക്ത പരിശോധന നടത്തുന്നതാണെന്ന് അറിയിക്കുകയുണ്ടായി. യഥാർത്ഥത്തിൽ പ്രവർത്തന ക്ഷമമായ ടാപ്പുകൾക്ക് മാത്രമാണോ വെള്ളക്കരം ഒടുക്കുന്നതെന്നും ഇതുവരെയായി എത്ര ടാപ്പുകൾ സ്ഥാപിച്ചിട്ടുണ്ട് എന്നും അത് എവിടെയൊക്കെയാണ് എന്നും, അവയെല്ലാം പ്രവർത്തനക്ഷമമാണ് എന്നും ഉറപ്പാക്കുന്നതിന് വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തുകയും പ്രസ്തുത വിവരങ്ങൾ ഉൾക്കൊള്ളിച്ച് ഒരു രജിസ്റ്റർ സൂക്ഷിക്കുകയും ചെയ്യേണ്ടതാണ്.

## 1-21 കരാറിലേർപ്പെടാതെ മുൻകൂർ നൽകി-വിനിയോഗസാക്ഷ്യപത്രം ഹാജരാക്കാത്തതിനാൽ 5478218/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

സഉ(കൈ)നം-11/2018/ത.സ്വ.ഭ.വ തീയതി 29.01.18 ഖണ്ഡിക11.2 (ഡി)(ii) പ്രകാരം കെ.എസ്.ഇ.ബി, കേരളവാട്ടർ അതോറിറ്റി, ഭൂജലവകുപ്പ് എന്നീ ഏജൻസികൾക്ക് മുൻകൂർ നൽകുമ്പോൾ ബന്ധപ്പെട്ട ഏജൻസിയുമായി കരാറിലേർപ്പെടേണ്ടതാണ്.സെക്രട്ടറി നിർവ്വഹണം നടത്തിയ ചുവടെ ചേർക്കുന്ന നിക്ഷേപപ്രവൃത്തികൾക്ക് മുൻകൂർ നൽകിയിട്ടുണ്ടെങ്കിലും കരാറിലേർപ്പെട്ടിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റിന്റെ പേര് | പ്രോജക്റ്റ് നം | അടങ്കൽ തുക | ചെലവ് തുക | ബിൽനം-/ തീയതി |
|---|---|---|---|---|
| പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 173/21 | 2365800 | 23,65,800 | 36/20-21 2365800 , 13.03.21 |
| സ്ട്രീറ്റ് ലൈൻ നീട്ടൽ | 174/21 | 3112418 | 31,12,418 | 2/20-21, 2529609/-,14.05.20 3/20-21,82489/-, 14.05.20 |

| | | | | |
|---|---|---|---|---|
| | | | | 4/20-21, 500320/-, 14.05.20 |
| ആകെ | | | 54,78,218 | |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം-11/2022-ന് നിർവ്വഹണ ഏജൻസികളുമായി കരാറിലേർപ്പെടുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിക്കുകയുണ്ടായി. മേൽ നിക്ഷേപപ്രവൃത്തികൾക്കായി നൽകിയ തുകകളുടെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കാത്തതിനാൽ 54,78,218/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിനിയോഗസാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-21-1 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല -ചെലവ് തുകയായ 137645/- രൂപ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ഐ.കെ.എം വിഹിതം നൽകൽ |
| പ്രോജക്ട് നം. | 2/21 |
| അടങ്കൽ തുക | 137645 |
| ചെലവ് തുക | 137645 |
| ബിൽ നം.-/ തീയതി | 18/20-21, 137645 തീയതി 21.10.2020 |
| നിർവ്വഹണം | സെക്രട്ടറി |

പ്രസ്തുത പ്രോജക്ടിനായി 137645/- രൂപ ഐ.കെ.എം- ന് കൈമാറിയിട്ടുണ്ട്. പ്രസ്തുത തുകയുടെ വിനിയോഗസാക്ഷ്യപത്രം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.-11/-ന് വിനിയോഗസാക്ഷ്യപത്രം അടിയന്തിരമായി ഹാജരാക്കുന്നതാണെന്ന് അറിയിക്കുകയുണ്ടായി. വിനിയോഗസാക്ഷ്യപത്രം ഹാജരാക്കുന്നതുവരെ ചെലവ് തുകയായ 137645/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-22 വൈദ്യുതി ശ്മശാനം പ്രവർത്തനം ആരംഭിച്ചയുടൻ പഞ്ചായത്തിന് സ്വന്തം ചെലവിൽ അറ്റകുറ്റപ്പണി ചെയ്യേണ്ടി വന്നു.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | മാറനല്ലൂർ ഗ്രാമപഞ്ചായത്തിലെ വൈദ്യുതി ശ്മശാനത്തിന്റെ അറ്റകുറ്റപണി |
| പ്രോജക്ട് നം. | 322/21 |
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | 7,00,000/-(ധനകാര്യ കമ്മിഷൻ അവാർഡ്) |
| ചെലവ് | 6,65,280/- |
| ബിൽ നം./തീയതി | 42/20-21 തീയതി 30.03.2021 |

2015-16 വർഷത്തിൽ മാറനല്ലൂർ ഗ്രാമപഞ്ചായത്ത് അസി. എഞ്ചിനീയർ ഏറ്റെടുത്ത 'വൈദ്യുതി ശ്മശാനം' എന്ന പദ്ധതിക്കായി 20.09.2015ൽ ടെണ്ടർ ക്ഷണിക്കുകയും 16.01.2016ൽ ESSCO Furnaces, Chennai എന്ന സ്ഥാപനവുമായികരാറിൽ ഏർപ്പെടുകയും ചെയ്തു. കരാർ പ്രകാരം 3മാസത്തിനുള്ളിൽ പൂർത്തീകരിക്കേണ്ട ഇലക്ട്രിക്കൽ ഫർണസ്-ന്റെ പണി വിവിധ കാരണങ്ങളാൽ വൈകുകയും (സിവിൽ ജോലികൾ പൂർത്തീകരിക്കാനുണ്ടായ കാലതാമസം, വെള്ളം, വൈദ്യുതി 3 Phase കണക്ഷനുകൾ ലഭ്യമാക്കാനുണ്ടായ കാലതാമസം എന്നിവയാണ് പ്രധാന കാരണങ്ങൾ) 15/02/2019-ന് 4930500/-രൂപ ചെലവിൽ പൂർത്തീകരിക്കുകയും ചെയ്തു. എന്നാൽ ടി വൈദ്യുതി ശ്മശാനം പ്രവർത്തനം ആരംഭിച്ചത് 17/10/2020ൽ മാത്രമാണ്. ശ്മശാനത്തിന്റെ നടത്തിപ്പ്, വാർഷിക അറ്റകുറ്റപണികൾ എന്നിവയ്ക്കായി ടെണ്ടർ ക്ഷണിച്ചതിൽ പ്ലാന്റ് സ്ഥാപിച്ച Essco Furnaces പ്രതിമാസം 70,000/-രൂപയും, MHT Engineering Chennai എന്ന സ്ഥാപനം 45,000/-രൂപയും ക്വാട്ട് ചെയ്തു. ഇതേ തുടർന്ന് 16.10.2020-ലെ 1/1 നമ്പർ കമ്മിറ്റി തീരുമാനപ്രകാരം വൈദ്യുതി ശ്മശാനത്തിന്റെ Operation & Maintenance ചുമതല MHT Engineering കമ്പനിക്ക് നൽകി. ടി കമ്പനി നടത്തിയ പരിശോധനയിൽ വൈദ്യുതി ശ്മശാനം സുഗമമായി പ്രവർത്തിപ്പിക്കണമെങ്കിൽ നിരവധി അറ്റകുറ്റപണികൾ നടത്തേണ്ടതുണ്ടെന്ന് പഞ്ചായത്തിന് റിപ്പോർട്ട് നല്കുകയും 12.01.2021ലെ കമ്മിറ്റി ആയത് അംഗീകരിക്കുകയും ചെയ്തു. 26/02/2021ൽ സ്ഥല സന്ദർശനം നടത്തിയ ജില്ലാ പഞ്ചായത്ത് Accredited Electrical എഞ്ചിനീയർമാർ ആയത് സാക്ഷ്യപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. 6 ഫിലമെന്റുകൾ കത്തേണ്ടിടത്ത് മൂന്നെണ്ണം മാത്രമേ കത്തുന്നുള്ളൂ എന്നും, അഞ്ചര അടി ഉയരത്തിൽ മൃതദേഹം ഉയർത്താനായി ഇലക്ട്രിക്കൽ ട്രോളി സ്ഥാപിച്ചിട്ടില്ല എന്നും, ഫർണസിൽ നിന്നുള്ള മലിനവായു വലിച്ചെടുത്ത് പുറത്തേക്ക് വിടേണ്ട സക്കിംഗ് പമ്പ് പ്രവർത്തനം ആരംഭിച്ച് ഒരാഴ്ച്ചയ്ക്കകം കത്തിപ്പോയെന്നും, മലിനജലം ശേഖരിക്കുന്ന ടാങ്കിൽ ചോർച്ച ഉണ്ടെന്നും മറ്റുമുള്ള നിരവധിയായ അപാകതകൾ ആണ് മെയിന്റനൻസ് കരാർ ഏറ്റെടുത്ത കമ്പനി റിപ്പോർട്ട് ചെയ്തത്. ഇതനുസരിച്ച് 7ലക്ഷം രൂപ അടങ്കലിൽ സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി പദ്ധതി തയ്യാറാക്കി ടെണ്ടർ ചെയ്യുകയും, MHT എഞ്ചിനീയറിംഗ് എന്ന കകമ്പനിക്ക് 2020-21 വർഷത്തിൽ കരാർ നല്കി പണി പൂർത്തീകരിക്കുകയും ചെയ്തു.

മേൽ വിവരിച്ച വസ്തുതകളിൽ നിന്ന്, ഏകദേശം 50ലക്ഷത്തോളം രൂപ മുടക്കി സ്ഥാപിച്ച വൈദ്യുതി ശ്മശാനം, ആയത് സ്ഥാപിച്ചതിലെ അപാകതകൾ മൂലം, പ്രവർത്തനം ആരംഭിക്കാൻ വീണ്ടും 7ലക്ഷത്തോളം രൂപ മുടക്കി അറ്റകുറ്റപണി ചെയ്യേണ്ടി വന്നതായി കാണുന്നു. Crematorium സ്ഥാപിച്ച Essco Furnaces എന്ന സ്ഥാപനം ഒരു വർഷത്തെ വാറണ്ടി, കരാർ പ്രകാരം ഉറപ്പു നല്കിയിരുന്നുവെങ്കിലും, അതിൽ നിന്നും പിൻമാറിയതായി കാണുന്നു.

ഇലക്ട്രിക്കൽ ഉപകരണങ്ങൾക്ക് ഒരു വർഷത്തിൽ കൂടുതൽ വാറണ്ടി നൽകാൻ കഴിയില്ലെന്നും, മൂന്ന് വർഷങ്ങൾക്ക് മുൻപ് സ്ഥാപിച്ചതും, പഞ്ചായത്ത് വൈദ്യുതി കണക്ഷൻ ലഭ്യമാക്കാത്തതിനെ തുടർന്ന് കമ്മീഷനിംഗ് വൈകിയതിനാൽ വാറണ്ടി കാലാവധി ഓപ്പറേഷൻ തീയതി മുതൽ നൽകാൻ കഴിയില്ല എന്നുമാണ് കമ്പനി അറിയിച്ചതെന്ന്, ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി No.23 തീയതി 05.02.2021) സെക്രട്ടറി മറുപടി നല്കിയത്. ടി കമ്പനിക്ക് 17.08.2020-ൽ പഞ്ചായത്ത് സെക്രട്ടറി നല്കിയ കത്തിൽ, ക്രിമറ്റോറിയത്തിന്റെ കമ്മീഷനിംഗ് നടത്തേണ്ടത്, ഏതെങ്കിലും മൃഗങ്ങളുടെ മൃതശരീരം ഉപയോഗിച്ചോ, അറവുശാല മാലിന്യം ഉപയോഗിച്ചോ ഒരു ഡമ്മി ശവദാഹം നടത്തി ഇതു പ്രകാരം, കമ്മീഷനിംഗ് നടത്തിയ തീയതി മുതൽ മാത്രമേ വാറണ്ടി കാലാവധി ആരംഭിച്ചതായി കണക്കാക്കാൻ കഴിയൂ എന്ന വ്യവസ്ഥ കരാറിൽ ഉൾക്കൊള്ളിക്കണമെന്നും നിർദ്ദേശിച്ചു കാണുന്നു.

ഇതിന് കമ്പനി 27.08.2020 നല്കിയ മറുപടിയിൽ ഡമ്മി മൃതശരീശം ഉപയോഗിച്ചുള്ള കമ്മീഷനിംഗ് നടന്നത് 24.01.2020-ൽ ആണെന്നും, എന്നാൽ ഇലക്ട്രിക്കൽ ഉപകരണങ്ങളുടെ വാറണ്ടി കാലാവധി സപ്ലൈ തീയതി മുതൽ മാത്രമാണ് ബാധകം എന്നുമാണ്.

എന്നാൽ ഇലക്ട്രിക്കൽ ക്രിമറ്റോറിയത്തിന്റെ നിർവ്വഹണം, കേവലം ഇലക്ട്രിക്കൽ ഉപകരണങ്ങളുടെ വാങ്ങൽ അല്ല. മറിച്ച്, ഉപകരണങ്ങൾ സ്ഥാപിച്ച്, പ്രവർത്തന ക്ഷമമാക്കി കമ്മീഷനിംഗ് നടത്തി, കൈമാറേണ്ട പ്രവർത്തി ആണ്. ഇത്തരം പ്രവർത്തികളിൽ കമ്മീഷനിംഗ് തീയതി മുതൽ ആണ് വാറണ്ടി കാലാവധി ബാധകമാക്കേണ്ടത്. എന്നാൽ കരാറിൽ തുടക്കത്തിൽ തന്നെ ഈ വ്യവസ്ഥ കൃത്യമായി ഉൾപ്പെടുത്തിയിരുന്നുവെങ്കിൽ ശ്മശാനം പ്രവർത്തനം ആരംഭിച്ച് ഏതാനും മാസങ്ങൾക്കുള്ളിൽ പഞ്ചായത്തിന് സ്വന്തം ചെലവിൽ അറ്റകുറ്റപണി നടത്തേണ്ട സാഹചര്യം ഒഴിവാക്കാമായിരുന്നു.

കോവിഡ് മഹാമാരിയുടെ സമയത്ത് വിദൂര പ്രദേശങ്ങളിൽ നിന്ന് പോലും മൃതദേഹങ്ങൾ സംസ്കരിക്കുന്നതിനായി ഈ ശ്മശാനത്തിൽ എത്തിച്ചിരുന്നു എന്ന വസ്തുത കണക്കിലെടുത്താൽ ഈ വൈദ്യുതി ശ്മശാനം, മാറനല്ലൂർ ഗ്രാമപഞ്ചായത്തിന് മാത്രമല്ല സമീപ പഞ്ചായത്തുകൾക്കും ഉപകാരപ്രദമായ ഒരു പദ്ധതി ആണെന്ന് കാണാം. എന്നാൽ 2015-16-ൽ ആരംഭിച്ച പദ്ധതിക്ക് ആവശ്യമായ 3phase വൈദ്യുതി കണക്ഷൻ, വെള്ളം എന്നിവ എത്തിക്കുന്നതിൽ ഉണ്ടായ അസാധാരണമായ കാലതാമസം പദ്ധതിയുടെ കമ്മീഷനിംഗ് വൈകാൻ ഇടയാക്കുകയും, വാറണ്ടി കാലാവധി കഴിഞ്ഞു എന്ന കാരണത്താൽ, നിർമ്മാണത്തിലെ അപാകങ്ങളുടെ ഉത്തരവാദിത്തത്തിൽ നിന്ന് കരാറുകാരൻ ഒഴിവാക്കുന്ന സാഹചര്യം ഉണ്ടായതായും ഓഡിറ്റ് നിരീക്ഷിക്കുന്നു. ഭാവിയിൽ പദ്ധതികൾ വിഭാവനം ചെയ്യു

നടപ്പിലാക്കുമ്പോൾ ഇത്തരം ജാഗ്രതക്കുറവും അതു വഴി അധിക ചെലവും ഉണ്ടാക്കുന്നത് ഒഴിവാക്കേണ്ടതാണ്.

## 1-23 പരിസ്ഥിതി/ജൈവ വൈവിധ്യ പരിപാലനം അനിവാര്യം

2002-ലെ കേന്ദ്ര ജൈവ വൈവിധ്യ ആക്ട്, 2008ലെ കേരളാ ജൈവ വൈവിധ്യ റൂൾ വകുപ്പ് 22(4) എന്നിവ പ്രകാരം 8 അംഗങ്ങൾ ഉള്ള ജൈവ വൈവിധ്യ പരിപാലന സമിതി മാറനല്ലൂർ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിച്ചു വരുന്നു. കുളങ്ങളുടെയും തോടുകളുടെയും സംരക്ഷണം സംബന്ധിച്ച് പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ സർക്കാർ മാർഗ്ഗരേഖ പ്രകാരം പഞ്ചായത്തിൽ നടത്തിയ പ്രവർത്തനങ്ങളെ സംബന്ധിച്ച് 22.02.2022ലെ 34-ാം നമ്പർ ഓഡിറ്റ് അന്വേഷണത്തിന്, മാറനല്ലൂർ ഗ്രാമപഞ്ചായത്തിൽ നിലവിൽ 63 കുളങ്ങളും 82 തോടുകളും ഉള്ളതായും, ഇവയിൽ ചിലത് മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി കയർ ഭൂവസ്ത്രം ഉപയോഗിച്ച് നവീകരിച്ചതായും അറിയിച്ചിട്ടുണ്ട്.

പഞ്ചായത്തിലെ എല്ലാ കുളങ്ങളുടെയും, തോടുകളുടെയും സംരക്ഷണത്തിനായുള്ള പദ്ധതികൾ ആവിഷ്കരിച്ച്, സർക്കാർ മാർഗ്ഗരേഖ പ്രകാരം ഉൾനാടൻ മത്സ്യകൃഷിയും ജലസംരക്ഷണവും ഉറപ്പ് വരുത്തേണ്ടതാണ്.

## 1-24 ആസ്തി സംരക്ഷണം സംബന്ധിച്ച്

മാറനല്ലൂർ ഗ്രാമപഞ്ചായത്ത് കോമ്പൗണ്ടിനുള്ളിലും, പഞ്ചായത്ത് വൈദ്യുതി ശ്മശാനത്തിനുള്ളിലും സ്ഥാപിച്ചിട്ടുള്ള ഡീസൽ ജനറേറ്ററുകൾക്ക് മേൽക്കൂര സ്ഥാപിച്ചതായി കാണുന്നില്ല.

വൻതുക മുടക്കി സ്ഥാപിച്ച ഈ ജനറേറ്ററുകൾ മഴയും വെയിലുമേറ്റ് നശിച്ച് പോകാതിരിക്കാൻ മേൽക്കൂര നിർമ്മിച്ച് സംരക്ഷിക്കേണ്ടതാണ്.

പഞ്ചായത്ത് ഓഫീസ് കോമ്പൗണ്ടിനുള്ളിൽ സ്ഥിതി ചെയ്യുന്ന പഞ്ചായത്ത് വക കല്യാണ മണ്ഡപത്തിന്റെ മേൽക്കൂര തകർന്ന അവസ്ഥയിൽ ആണ്. കോവിഡ് മഹാമാരിക്ക് മുൻപ് വരെ നിരവധി വിവാഹങ്ങൾ ഈ ഹാളിൽ നടന്നിരുന്നു. പഞ്ചായത്തിന് നല്ലൊരു വരുമാനമാർഗ്ഗം കൂടിയായിരുന്നു ഈ കല്യാണ മണ്ഡപം. മേൽക്കൂര തകർന്നിരിക്കുന്ന സാഹചര്യത്തിൽ നിലവിൽ ഹാൾ ബുക്കിംഗ് നടക്കുന്നില്ല. ആവശ്യമായ പുനരുദ്ധാരണം നടത്തി ഹാൾ ഉപയോഗയോഗ്യമാക്കി, പഞ്ചായത്തിന്റെ വരുമാനോപാധിയായി മാറ്റേണ്ടതാണ്.

## 1-25 'പകൽവീട് ' നാളിതുവരെ പ്രവർത്തനം ആരംഭിക്കാതെ നിഷ്ക്രിയ ആസ്തിയായി തുടരുന്നു.

2017-18ൽ DPC അംഗീകാരം ലഭിച്ച 'പകൽവീട് ' നിർമ്മാണം എന്ന പദ്ധതിക്കായി നാളിതുവരെ ചെലവിട്ട തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | ചെലവ് |
|---|---|
| 2017-18 | ഇല്ല |
| 2018-19 | 786768 |
| 2019-20 | 141759 |
| 2020-21 | 862854 |
| ആകെ | 1791381 |

ഓഡിറ്റ് വർഷം (2020-21) ഈ ഇനത്തിൽ ചെലവിട്ട തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം. | പ്രോജക്ട് പേര് | അടങ്കൽ | ചെലവ് | ഫണ്ടിനം |
|---|---|---|---|---|
| 138 | പകൽവീട് വൈദ്യുതീകരണം | 1,20,000/- | 92,470/- | |
| 107 | പകൽവീട്, ചുറ്റുമതിലും Approach റോഡും | 8,00,000/- | 6,54,062/- | |
| 164 | പകൽവീട് നിർമ്മാണം | 15,00,000/- | 1,16,322/- | |
| | ആകെ | | 8,62,854/- | |

നേരിട്ടുള്ള സ്ഥല പരിശോധനയിൽ ചുറ്റുമതിൽ ഒഴികെയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കിയതായി കണ്ടുവെങ്കിലും പകൽവീട് ഇനിയും പ്രവർത്തനം ആരംഭിച്ചിട്ടില്ല എന്ന് ബോദ്ധ്യപ്പെട്ടു. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ്

അന്വേഷണത്തിന് (A.E.No.37/2022 തീയതി 11.02.2022) വെള്ളം, വൈദ്യുതി കണക്ഷനുകൾ ലഭിച്ചിട്ടില്ലാത്തതിനാലാണ് പകൽവീട് പ്രവർത്തനം ആരംഭിക്കാത്തത് എന്ന മറുപടി ആണ് അസി. എഞ്ചിനീയർ നല്കിയത്. 2017-18ൽ ആരംഭിച്ച പദ്ധതി 2022 ഫെബ്രുവരി മാസത്തിൽ പോലും പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല എന്നത് ഭരണപരമായ വീഴ്ച ആണ്.

## 1-26 ടാറിംഗ് പ്രവർത്തികൾക്ക് - ഉപയോഗിച്ച ടാറിന്റെ അളവ് അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല

2020-21 വർഷത്തിൽ നിരവധി റീടാറിംഗ് പ്രവർത്തികൾ നടന്നുവെങ്കിലും ഓരോ പ്രവർത്തിയിലും ഉപയോഗിച്ച ടാറിന്റെ അളവ് എം. ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. ഒന്നിലധികം പ്രവർത്തികൾക്കായി ഒരുമിച്ച് ടാർ വാങ്ങിയതിന്റെ ബില്ലുകൾ കരാറുകാർ ഹാജരാക്കിയിട്ടുണ്ടെങ്കിലും ഓരോ പ്രവർത്തിക്കും ഉപയോഗിച്ച ടാറിന്റെ അളവ് ടി ബില്ലിലോ എം. ബുക്കിലോ രേഖപ്പെടുത്തി കാണുന്നില്ല. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിൽ (AE No.38/22 തീയതി 11.02.2022) ഇനി മുതൽ ഓരോ പ്രവൃത്തിയിലും ഉപയോഗിച്ച ടാറിന്റെ അളവ് പുസ്തകത്തിൽ ഉൾപ്പെടുത്തുന്നതാണെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചു.

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്കുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | പദ്ധതിയുടെ പേര് | മുന്നിരിപ്പ് | ലഭിച്ച തുക | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | ലൈഫ് ഭവന പദ്ധതി-റ്റി.സി.പി | 779564 | 371160 | 1005689 | 145035 |
| | 2019-20 | അംഗൻവാടി കെട്ടിട നിർമ്മാണം | 676000 | -- | 456457 | 219543 |
| | | | 49000 | - | - | 49000 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് (RP 7) | | ക്ഷീര സമൃതി (പ്രോ.നം 16) | | 300000 | 300000 | - |
| | | ക്ഷീര സമൃതി (പ്രോ.നം 17) | | 500000 | 500000 | - |

| | | | | | |
|---|---|---|---|---|---|
| | അനുപൂരക പോഷകകാഹാരം ക്ഷീര സമൃതി<br>(പ്രോ.നം 25) | | 100000 | 100000 | - |
| | സ്നേഹസ്പർശം<br>ക്ഷീര സമൃതി<br>(പ്രോ.നം 29) | | 463125 | 463125 | - |
| | ക്ഷീര സമൃതി<br>(പ്രോ.നം 176) | | 10950 | 10950 | - |
| | ക്ഷീര സമൃതി<br>(പ്രോ.നം 177) | | 220000 | 220000 | - |
| | സുഭിക്ഷ കേരളം<br>(പ്രോ.നം 277) | | 150000 | 150000 | - |
| | ആകെ | 1504564 | 2115235 | 3206221 | 413578 |

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | പദ്ധതിയുടെ പേര് | മുന്നിരിപ്പ് | ലഭിച്ച തുക | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2020-21 | | | 4000000 | - | 4000000 |
| | 2019-20 | ലൈഫ് ഭവന പദ്ധതി-റ്റി.സി.പി | 485458 | -- | -- | 485458 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത്<br>(RP 7) | | ക്ഷീര സമൃതി<br>(പ്രോ.നം 16) | - | 30000 | 30000 | - |
| | | ക്ഷീര സമൃതി<br>(പ്രോ.നം 17) | - | 125000 | 125000 | - |
| | | സ്നേഹസ്പർശം<br>ക്ഷീര സമൃതി<br>(പ്രോ.നം 29) | - | 463125 | 463125 | - |
| | | ക്ഷീര സമൃതി<br>(പ്രോ.നം 176) | - | 55000 | 55000 | - |
| | | ഹരിത ഭവനം<br>(പ്രോ.നം 194) | - | 168000 | 168000 | |

| | | | | | | |
|---|---|---|---|---|---|---|
| | | ആകെ | 485458 | 4841125 | 841125 | 4485458 |
| മുനിസിപ്പൽ കോർപ്പറേഷൻ | 2020-21 | ടേക്ക് എ ബ്രേക്ക് പദ്ധതി | | 1200000 | - | 1200000 |

നീക്കിയിരിപ്പ് വിവരങ്ങൾ

| | 19-20 B4 പ്രകാരമുള്ള നീക്കിയിരിപ്പ് | 20-21 RP 7/31 പ്രകാര മുള്ള വരവ് | ആകെ | സുലേഖ ചെലവ് പത്രിക പ്രകാരമുള്ള ചെലവ് | നീക്കി യിരിപ്പ് | 20-21 B4 പ്രകാര മുള്ള നീക്കി യിരിപ്പ് |
|---|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് വിഹിതം | 485458 | 4841125 | 5326583 | 4841125 | 485458 | 4485458 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 1504564 | 2115235 | 3619799 | 3206221 | 413578 | 413578 |

വ്യത്യാസം പൊരുത്തപ്പെടുത്തി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 4-2 നിക്ഷേപ പ്രവൃത്തികൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ബാക്കിയുള്ള തുക |
|---|---|---|---|---|
| KWA | പൈപ്പ് ലൈൻ നീട്ടൽ (പ്രോജക്ട് നം. 173) | 2365800 | 0 | 2365800 |
| KSEB | സ്ട്രീറ്റ് ലൈൻ നീട്ടൽ (പ്രോജക്ട് നം. 174) | 3112418 | 0 | 3112418 |

| | | | | |
|---|---|---|---|---|
| | സ്ട്രീറ്റ് ലൈൻ നീട്ടൽ (പ്രോജക്റ്റ് നം. 305) | 250095 | 0 | 250095 |

നീക്കിയിരിപ്പ് വിവരങ്ങൾ

| | 19-20 B-18 ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് | 20-21 വർഷത്തെ നിക്ഷേപം | ആകെ | ചെലവ് | നീക്കി യിരിപ്പ് | 20-21 B-18 ഷെഡ്യൂൾ പ്രകാരം നീക്കി യിരിപ്പ് |
|---|---|---|---|---|---|---|
| KWA | 3048277 | 2365800 | 5144077 | -- | 5144077 | 5144077 |
| KSEB | 6402864 | 3362513 | 9765377 | - | 9765377 | 9765377 |
| PWD | 479133 | -- | 479133 | -- | 479133 | 479133 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-4 വായ്പാ / വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പാ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

| വായ്പയുടെ പേര്/ഉദ്ദേശ്യം | നൽകിയ ഏജൻസി | വർഷാരംഭത്തിൽ തിരച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം ലഭിച്ച വായ്പ തുക | തൻവർഷം തിരിച്ചടച്ച് തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ലൈഫ് ഭവന പദ്ധതി | KURDFC | 44217353 | 660000 | 4464667 | 40412686 |

## 4-5 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട് ഖണ്ഡികകളുടെ വിവരം

ഇല്ല

## 4-8 ചാർജ്ജ് / സർചാർജജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 3,40,41,269.55 |
| ഓഡിറ്റ് വർഷത്തെ വരവ് | 13,52,81,954.00 |
| ആകെ | 16,93,23,223.55 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 13,41,96,211.00 |
| നീക്കിയിരിപ്പ് | 3,51,27,012.55 |
| വരവിനങ്ങളുടെ നഷ്ടം | - |
| ചെലവിനങ്ങളുടെ നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 58,15,863 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല.

സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | 2,00,000 | ശ്രീമതി.ദീപ ജെ, കൃഷിഓഫീസർ |
| 1-21 | 54,78,218 | 1.ശ്രീമതി.ബിന്ദു പി.വി, സെക്രട്ടറി, 3112418 |
| | | 2. ശ്രീ.ജീവൻ.എസ്, സെക്രട്ടറി, 2365800 |
| 1-21-1 | 1,37,645 | ശ്രീ.ജീവൻ.എസ്, സെക്രട്ടറി |
| ആകെ | 58,15,863 | |

*ഡി)* കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

*(ഇ)* നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

*(എഫ്)*റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം

| ക്രമ നം. | പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|---|
| 1. | ശ്രീമതി.ദീപ ജെ, കൃഷിഓഫീസർ | കൃഷിഓഫീസർ | ദീപ.ജെ, ഷാരോൺ T.C1209(6) മേലാറന്നൂർ, കരമന പി.ഒ, 695002 |
| 2. | ശ്രീമതി.ബിന്ദു.പി.വി, സെക്രട്ടറി | സെക്രട്ടറി | ശ്രീമതി.ബിന്ദു.പി.വി, നവമാലിക, മൈത്രിനഗർ റോഡ് |
| 3. | ശ്രീ.ജീവൻ എസ്, സെക്രട്ടറി | സെക്രട്ടറി | TC 46/845 കരമന, 695002 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|

| | | |
|---|---|---|
| 2000-01 | എൽഎഫ്.റ്റിഡി.ജി.പി.1/258/02 | 2 |
| 2001-02 | എൽഎഫ്.റ്റിഡി.ജി.പി.4/328/03 | 13 |
| 2003-04 | എൽഎഫ്.റ്റിഡി.ജി.പി.4/884/06 | 1 |
| 2004-05 | എൽഎഫ്.റ്റിഡി.ജി.പി.4/1224/07 | 3 |
| 2005-06 | എൽഎഫ്.റ്റിഡി.ജി.പി.4/1125/08 | 3 |
| 2006-07 | എൽഎഫ്.റ്റിഡി.ജി.പി.4/1051/09 | 2 |
| 2007-08 | എൽഎഫ്.റ്റിഡി.ജി.പി.4/747/15 | 1 |
| 2008-09 | എൽഎഫ്.റ്റിഡി.ജി.പി.4/748/11 | 1 |
| 2009-10 | എൽഎഫ്.റ്റിഡി.ജി.പി.4/2413/12 | 5 |
| 2010-11 | എൽഎഫ്.റ്റിഡി.ജി.പി.4/2640/11 | 14 |
| 2011-12 | എൽഎഫ്.റ്റിഡി.ജി.പി.4/2568/13 | 1 |
| 2012-13 | എൽഎഫ്.റ്റിഡി.ജി.പി.4/1863/14 | 2 |
| 2013-14 | എൽഎഫ്.റ്റിഡി.ജി.പി.4/881/2015 | 4 |
| 2014-15 | കെ.എസ്.എ.റ്റി.വി.എം.ജി.പി.1051/2016 | 6 |
| 2015-16 | കെ.എസ്.എ.റ്റി.വി.എം.ജിപി.5/2036/2016/29.11.2016 | |
| 2016-17 | കെ.എസ്.എ.റ്റി.വി.എം.ജിപി.5/1657/2017/10.08.2017 | 17 |
| 2017-18 | കെ.എസ്.എ.റ്റി.വി.എം.ജിപി.5/1657/2017/10.08.2017 | 25 |
| 2018-19 | കെ.എസ്.എ.റ്റി.വി.എം.ജിപി.5/1657/2017/10.08.2017 | 26 |
| 2019-20 | കെ.എസ്.എ.റ്റി.വി.എം.ജിപി.4/1520/2021/ 06.11.2021 | 38 |

ഡെപ്യൂട്ടി ഡയറക്ടർ ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം

എസ്:

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തിരുവനന്തപുരം ജില്ലയിലെ മാറനല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ മാറനല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്